ഈ കാലയളവിൽ ഞങ്ങളോടൊപ്പം ഏറെ മാറ്റത്തിന്റെ പാതയിൽ സെമിനാരിയിലും വിധേയമായി. സെമിനാരിയിൽ പുതിയ റീഡിംഗ് റൂം തയ്യാറായിക്കൊണ്ടിരിക്കുന്നു. ഒരുപാട് പുസ്തകങ്ങളും മറ്റ് സംവിധാനങ്ങളും സെമിനാരിയിലെത്തി. ഇതിനെല്ലാം പിൻതാങ്ങായി കൂടെ നിന്ന പ്രൊവിൻഷ്യാളച്ചനും കൗൺസിലിങ്ങ് അംഗങ്ങൾക്കും ഏറെ നന്ദി. കൂടാതെ പുതിയ കിളിക്കൂടും കിളികളും സെമിനാരിയിലേക്ക് വാങ്ങിച്ചു.

**നടാനും നനയ്ക്കാനും സ്നേഹിക്കാനുമായി ... കൃഷി...**

മണ്ണിനെ അടുത്തറിയാനും മണ്ണിനെ സ്നേഹിക്കാനും ആഹ്വാനം ചെയ്തുകൊണ്ട് സെമിനാരിയിൽ കൃഷി പമികൾ ആരംഭിച്ചു. സെമിനാരിയെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുക എന്നതിലുമുപരി ബ്രദേഴ്സിന് കാർഷിക മേഖലയിലേക്കുള്ള താല്പര്യവും അഭിരുചിയും പ്രോത്സാഹിപ്പിക്കുകയാണ് അച്ചൻമാർ. മൂന്നു ഗ്രൂപ്പായി വിവിധ സ്ഥലങ്ങളിൽ ബ്രദേഴ്സ് കൃഷി ആരംഭിച്ചു. വിത്തും വളവും ഉപദേശവും നൽകികൊണ്ട് അച്ചൻമാർ പിൻതുണ നൽകുന്നു. എല്ലാ ദിവസവും അര മണിക്കൂർ വീതമെടുത്ത് കൃഷിയെ വിപുലീകരിക്കുന്ന തിരക്കിലാണ് ഞങ്ങൾ.

എല്ലാവർക്കും ക്രിസ്തുമസ് മംഗളങ്ങൾ ◆

## Hanumangarh Waves

### Erection of Ashrams in Jalandhar Diocese

In accordance with the Constitution (C-316) and Directory (D-250§ 01) of Little Flower Congregation (CST Fathers) and with due permission from His Excellency Most Rev. Dr. Agnelo Ruffino Gracias, Apostolic Administrator, based on the New Contract (Convention) with the Diocese of Jalandhar, which was signed on May 31, 2020 and came into effect on July 03, 2020 the following Ashrams were erected in the Diocese of Jalandhar as Religious House (Ashram) of Khrist Jyoti Province of Little Flower Congregationon on the Feast day of St. Therese of Child Jesus:

1. Little Flower Ashram, Fazilka (Established as a Station on 02 April, 1986)
2. Little Flower Ashram, Guruharsahai (Established as a Station on 25 March, 2007)
3. Sacred Heart Ashram, Jalalabad (Established as a Station on 23 June, 1995)
4. St. Joseph's Ashram, Moga (Established as a Station in 1987)
5. Little Flower Ashram, Sikhwala (Established as a Station on 13 March, 1978)

### Erection of Ashrams in Faridabad Diocese

In accordance with the Constitution (C-316) and Directory (D-250§ 01) of Little Flower Congregation (CST Fathers) and with due permission from His Grace Mar Kuriakose Bharanikulangara, Archbishop of Diocese of Faridabad, through the letter dated August 04, 2020, the following Ashrams were erected in the Eparchy of Faridabad as Religious House (Ashram) of Khrist Jyoti Province of Little Flower Congregation on the Feast day of St. Therese of Child Jesus:

1. Little Flower Ashram, Gidderbaha (Established as a Station on 20 June, 2016)
2. Little Flower Ashram, Kot Shamir (Established as a Station on 29 May, 2018)
3. Little Flower Ashram, Zira (Established as a Station on 22 February, 2012)

**Remembrance of our Founder**

Very Rev. Fr. Basillius Panat-our beloved Founder was remembered on his 44th Death Anniversary on October 04, 2020. Rev. Fr. Provincial celebrated Holy Mass on the occasion and specially prayed for the development of the Congregation through the intercession of our founder Fr. Basillius and heavenly patroness St. Therese of Lisieux.

**Declaration of General Synaxis**

The notification from the Superior General for the General Synaxis 2021 was notified by Fr. Provincial on October 20, 2020. Besides, Unit-wise list of the members of the Province from whom eight representatives to the General Synaxis are to be elected was sent to all the members of the Province. Envelope with the caption: Representatives to the General Synaxis 2021 with the declaration paper and Prayer for the success of the General Synaxis and Explanatory Note on the Logo was also placed before the members.

**Annual Retreat for Fathers**

In the midst of covid-19 situations we have decided to have our Annual Retreat in two different Sessions. The First Session of Annual Retreat 2020 was organized from 03-06 November, 2020. Similarly, Second session was conducted from 10-13 November, 2020. Around 50 Fathers participated for the Annual Retreat. Both the Sessions were guided by Rev. Fr. Mathew Palachuvattil from Jalandhar Diocese. The Retreat was based on Theresian Spirituality. This Retreat was very effective and helped our Fathers to introspect and get more insight in Theresian Spirituality.

**With the Memories of our loving Felixachan**

The death anniversary of Rev.Fr. Felix Nellikunnath (November 13) was commomerated in a befitting manner in the Provincial House. Fathers and Sisters took part in the Holy Mass celebrated for the departed soul. It was a day to remember the unfading memories of Fr. Felix Nellikunnath and to thank the Lord for all the graces He had showered upon us and our Congregation through him.

**Sacerdotal Golden Jubilee celebration**

The Sacerdotal Golden Jubilee celebration of Rev. Fr. John Kudilil {Ordination December 17, 1970} and Fr. John Mundackal {Ordination December 22, 1970} was solemnly celebrated on November 14, 2020 at Provincial House. Almost 40 Priests and some Sisters from Punjab and Rajasthan took part in the celebration. A solemn celebration of Holy Mass by Fr. John Kudilil was concelebrated by Fr. Provincial and Fr. Mathew Kumpuckal in which we thanked God almighty for giving us these two zealous missionary priests. Fr. Mathew Kumpuckal preached the homily. A felicitation ceremony was also organized in which Fr. Provincial, Fr. Sunny Charakunath and Fr. Mathew Palachuvatil felicitated and remembered Fr. John Kudilil and offered him gifts as the token of our love, concern and honour.

**Declaration of Provincial Synaxis**

Notification for the Eighth Ordinary Provincial Synaxis 2021 was issued by Fr. Provincial on November 14, 2020 with the consent of the Provincial Council held on 14 August, 2020 and approved by the Superior General with the consent of his Council *on 21 August 2020 and 12 October 2020*. The *Eighth* Ordinary Provincial Synaxis shall be convoked to elect the Provincial Superior, the Provincial Councillors and the Provincial Auditor for a term of three years. The First Session of the Provincial Synaxis 2021 shall be held at Khrist Jyoti Provincial House, Hanumangarh from Sunday, 14 February, 2021 to Wednesday 17 February, 2021. The special theme of this Provincial Synaxis

is “Called to Live and Proclaim”, based on Mk. 3: 13-14, to give new impetuous to Evangelization.

**Monthly Recollection for Brothers**

Monthly Recollection for Brothers’ was organized at Little Flower Ashram, Guruharsahai on 27 - 28 November, 2020. Rev. Fr. Salj Puravalappil guided the brothers and gave insight on relevant spiritual subjects.

**Birthday and Feast day celebrations**

Birthday of our loving Provincial was celebrated on 06 December, 2020. We had solemn Eucharist Celebration by Rev Fr. George Alukka along with Fr Deepak Thoomkuzhy. We had a small birthday party in the evening. Along with the birthday celebration we also celebrated the feast day of Fr. Dijo Urulel. Many Fathers from Punjab and Rajasthan along with Sisters from By-pass Convent and Junction Convent took part in the function.

**Blessing of Priest house at Sadiq and Bathinda**

Blessing of temporary Priest House (Residence) at Sadiq station was held on November 23, 2020 by Rev. Fr. Provincial George Alukka. The blessing and inauguration of the Little Flower Station at Bathinda was held on 10 December, 2020 by Rev. Fr. Provincial. Many Fathers from Punjab and Rajasthan graced both the occasions with their prayerful presence. Best wishes and congratulations to Fr. Bibin Naripara and Fr. Tibin Mannusserril.

**Get well soon Fatherji….**

Rev. Fr. George Kulampally went to Kerala for his treatment on November 01, 2020. He is continuing his treatment at Rajagiri Hospital, Aluva. We urge you all to keep our loving Father in your daily prayers so that Lord Almighty touch and heal him at the earliest. Get well soon Father.

**A Bitter Experience with Corona virus**

Many of our Fathers and Sisters of different stations were affected by Covid-19 Virus. All Thanks and all Praises to God our Saviour that they recovered and coming back to their normal life. Heartfelt gratitude to all of you for your prayers and moral support to our loving Fathers and Sisters.

**Slept in Lord**

Two Sisters, one each from Fazilka and Bikaner left for their eternal and heavenly abode. Sr. Georgeena CMC from Fazilka community was called for her eternal reward on 11 Oct. 2020. Sr. Moad MSA from Bikaner community was called for her eternal reward on 31 October 2020. We remembered and offered Holy Mass for both the departed souls. Heartfelt Condolences and prayers to both the communities.... ◆



## HEARTY CONGRATULATIONS

**We extend our Hearty Congratulations and Great Appreciation to Fr. Aneesh Paul Angadiath who has completed his Doctorate in Malayalam from the University of Calicut, Summa cum Laude. He completed the Research in record time.**

**His Thesis is "*The Ethical Philosophy - A Study Based on the Novels of Anand*" ("ആനന്ദിന്റെ നൈതിക ദർശനം : നോവലുകളെ ആസ്പദമാക്കിയുള്ള പഠനം"*).* His Research Guide is Dr. Somanadhan P. Our best wishes and prayers dear Fr. Aneesh !**

# LITTLE FLOWER PROVINCE

## GORAKHPUR SAMACHAR

**Renovation of Self**

Moulding the life requires spiritual practices and self-examination. The Fathers of our Province had their Annual retreat and spiritual renewal under the guidance of Most Rev. Raphael Thattil the Bishop of Shamshabad Diocese from 26-30th September. It was for the first time in the History of the Province to have an online Retreat, but all had enjoyed the new way of the Proclamation.

**Clergy Meets**

An online priest meeting was held on 30th September in preparation for the feast and golden jubilee celebrations. All the fathers including fathers from abroad joined the meeting.

**Golden Jubilee**

On 1st of October with solemn High Holy Mass celebrated by His Excellency Bp. Thomas Thuruthimattam CST and concelebrated by all our Fathers working in North Indian mission, we celebrated the feast of St.Therese and the conclusion of the Golden Jubilee celebration of our mission in North India. The Vicar General and the chancellor of the Diocese of Gorakhpur were the special invitees. Fathers from different mission stations were present for the program with due precautions of Covid 19.

**Lead kindly light**

This pandemic situation forced us to have a muted Diwali, the festival of lights. The festival marks the victory of good over evil, knowledge over ignorance. We lit our campus with diyas and a few neighboring families also joined us for our celebration.

**We are back**

Even though the pandemic made all the plans of people in vain, we are forced to face it with safety measures. As the government of Uttar Pradesh permits students of high classes to schools some of our schools are being opened for regular classes for the students. ◆

## "GOING UP TO THE MOUNTAIN" AND "COMING DOWN THE MOUNTAIN"

**Dr. Mathew Variyamattom CST**

Consecrated life is a blending of Contemplation and Action. The contemplative life is always linked to the prayer of Jesus on the mountain. The active dimensions of consecrated life can in a way be included here. We have the experience of God and with that experience we live among the people. The Gospels report that Jesus spent the nights with his Father in prayer in lonely places and mountains. We are going up the mountains to gain the God-experience, to deepen and strengthen our spirituality, to be with him and to acquire inner strength. It is the transfiguration and transformation experience for us. We are coming down the mountain to be with the people to serve and help them. Both Contemplation and action can be right at the same time if they are fully focused on the person of Jesus and every creation with a special sensitivity towards and preference for the marginalized and the outcast, the suffering and the downtrodden, the last, the least and the lost.

All consecrated persons are called to a personal encounter with the Lord just as his chosen disciples Peter, John and Jacob could attain it on mount Tabor, or his two disciples who while on their way to Emmaus happened to walk with the Lord and experienced a "burning" heart in his presence. In the Old Testament, in the book of Exodus we see God calling Moses who was keeping the flock of his father-in-law on mount Horeb and asking him to come down to Egypt to see and to alleviate the suffering of his brethren in Egypt. He is not always to remain on the mountain top; but he should come down to the valley to see personally the sufferings of his people and find ways and means to deliver them from the bondage. Similarly, we see in I Kings ch.19 prophet Elijah hiding in a cave on mount Horeb; he

comes down to the people at Yahweh's command. In the life of Jesus, it is very clear that any heightened moment of contact with the Father would immediately be followed by the reaching out to the poor and the marginalized, the sick and the afflicted, just as we see him reaching out and healing the boy who was with an evil spirit as soon as he came down from the mount Tabor (Lk.9:42). Indeed, this act of reaching out is a definite indication to any consecrated person in the Catholic Church. Fruition of ones vocation to consecrated life in the form of heightened spiritual experience gathered in contemplation will remain incomplete unless he or she reaches out to the poor and the marginalized, the sick and the afflicted wherever they are found. That will touch the genuineness of vocation, if he or she were to take the Gospel and the person of Jesus seriously. If we fail to translate deeper spiritual experience into actions of mercy in favour of those who are afflicted the true Christian *quotient* in consecrated life should be seriously questioned.

In consecrated life contemplation, proclamation and action are not distinct, but two aspects of same reality. Hence, even in the case of cloistered communities proclamation and action are considered integral to its being, even when the members are restricted by their own choice within the four walls of the convent, having no direct contact with the world outside the cloister. While contemplation and action can easily be discerned in the life of prophet Elijah and Mother Mary, it is in the life and teachings of Saints Teresa of Avila and St. John of the Cross that it became obvious that they try to blend contemplation and proclamation in their own unique style. Moreover, in the case of St. Therese of Lisieux who never ventured out her Carmelite cloister, and yet is declared the Patroness of Mission, whereby her life within the bounds of convent walls itself was acclaimed a model par-excellence in proclaiming and witnessing the Gospel.

**Martha and Mary**

The Gospel according to Luke in chapter 10 presents before us an episode in the life of Jesus in which he was warmly welcomed in the house of Martha and Mary, sisters of Lazarus. In this passage (vv 38-42) Jesus tells the 'distracted' Martha that Mary has chosen the better part and that is what is necessary in the life of a disciple. Now what has made Mary's role 'better' ? As recorded in the Gospel Mary had "sat at the Lord's feet and listened to what he was saying" (v. 42) while at the same time "Martha was distracted by many tasks" (10:40). The Gospel passage captures through the contrasting models Martha and Mary, the ideal behavior that is expected as well as not expected of a true disciple of Jesus. Moreover, there is also an attempt made to highlight the role and importance of contemplation upon the Word of God as one thing that is fundamentally needed. This episode also offers an insight into the discernment process that persons and communities should involve themselves in the process of identifying the vocation of a person or a community. Mary sitting calmly at the feet of Jesus, contemplating upon the Word of the Lord is preferred to Martha running around and remaining distracted while serving the Lord. For here Martha's designs were not necessarily in line with the preference of the Lord, but certainly of Mary. Consecrated life is a life, centred around and impregnated with the Word of God.

**Indian Context**

As Indian culture has already an inclination for silence and solitude, meditation and contemplation, the uniqueness of Christian faith, animated by the consecrated persons and the communities should be prepared to deepen this faith life in such a way that they would deal with their own and cherish it to the core. The CSTs should be prepared for such a mission that is genuinely the CST communities, where ever they are placed

and whatever they pursue in their communitarian mission, should primarily abide by the commitment to silence and solitude, meditation and contemplation on the Word of God and this should be transformed into full-fledged *alter Christus* whom others should recognize and whose way of life they would embrace.

St. Teresa of Avila envisions, in consecrated life both Martha and Mary are necessary and their integration would be ideal. Consecrated life should be a true blend of simultaneous inward and outward movement where contemplative soul will be moved by the apostolic zeal which will offer the ideal for the people who genuinely seek the Divine and all that is divine in their lives. Consecrated life should be contemplative in full measure, even while engaged in full-fledged people oriented actions. Life is an ongoing saga of active contemplation that propels oneself in contemplative action. Hence, the composure of a contemplative and dynamic of an active person will be integral to the life of a consecrated person. At the same time an exclusive swing to either of these poles will be detrimental to consecrated life.

◆

**Christmas - New Year Thoughts & Quotes**

***"Dear mom and dad, Merry Christmas! Though I am not with you this Christmas season, you are always on my mind. Spending lots of love!"***

# സാഹോദര്യം - ലോകസമാധാനത്തിന്

**ഡോ. സജി മാത്യു കണയങ്കൽ സി.എസ്.റ്റി.**

ഫ്രാൻസീസ് മാർപ്പാപ്പയുടെ ഏറ്റവും പുതിയ ചാക്രിക ലേഖനം ''നാം സോദരർ'' (Fratelli Tutti) കത്തോലിക്കാ സഭയ്ക്കുള്ളിലും ആഗോളതലത്തിലും തികച്ചും വൈവിധ്യമേറിയ ചർച്ചകൾക്ക് വഴി തുറന്നിരിക്കുകയാണ്. എട്ട് അദ്ധ്യായങ്ങളിലും 287 ഖണ്ഡികകളിലുമായി ഏതാണ് 43000 വാക്കുകൾ ഉള്ള ഈ പ്രബോധനത്തിൽ വിവിധ സ്രോതസ്സുകളിൽ നിന്നുമായി 288 ഉദ്ധരണികളാണ് ഉള്ളത്. നാനാ വിഷയങ്ങളെ പരാമർശിക്കുകയും സമകാല രാഷ്ട്രീയ - സാമൂഹിക - സാമ്പത്തിക മേഖലകളെ അപഗ്രഥിക്കുകയും കത്തോലിക്കാ സഭയുടെ വിശ്വാസജീവിതത്തിന്റെ ആവിഷ്കാരത്തെ പുനപരിശോധിക്കുകയും ചെയ്യുന്ന ഈ ചാക്രിക ലേഖനം അതീവ ഗൗരവമായ പഠനത്തിനും വായനയ്ക്കുമായി നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. ഈ ചാക്രികലേഖനം ഉയർത്തുന്ന പ്രായോഗിക പ്രശ്നങ്ങളെ അതർഹിക്കുന്ന ഗൗരവത്തോടെ സമീപിക്കണമെങ്കിൽ ഗൗരവാവഹമായ വായനയോടൊപ്പം ആഴമേറിയ ധ്യാനാത്മകതയും ഉൾച്ചേർന്നിരിക്കേണ്ടിയിരിക്കുന്നു. ഈ ചാക്രിക ലേഖനത്തിന്റെ സംഗ്രഹമായ 'സമസ്തയെ ആശ്ലേഷിക്കുന്ന വിശ്വാസാഹോദര്യത്തെക്കുറിച്ചുള്ള' ചിന്തകളാണ് ഈ ലേഖനത്തിനാധാരം.

**പശ്ചാത്തലം**

2019 ഫെബ്രുവരി 4 ന് ഫ്രാൻസിസ് മാർപ്പാപ്പയും ഗ്രാന്റ് ഇമാം അൽ അസർ അഹമ്മദ് അൽ തയ്യിബും ചേർന്ന് പുറപ്പെടുവിച്ച '**മനുഷ്യ സാഹോദര്യത്തെക്കുറിച്ചുള്ള രേഖ'** യുടെ വികസിതവും വ്യാപ്തവുമായ രൂപമാണ് ഈ ചാക്രിക ലേഖനം എന്നു വിശേഷിപ്പിക്കാം. എന്നിരുന്നാലും ഇത് ആഴത്തിൽ മനസിലാക്കുവാൻ ഫ്രാൻസീസ് മാർപ്പാപ്പയുടെ ഇതര പ്രബോധനങ്ങളായ സുവിശേഷത്തിന്റെ ആനന്ദവും (Evangelii Gaudiun) 'ലൗദാത്തോസീ'യുമായി ചേർത്തു വയ്ക്കേണ്ടതാണ്. സുവിശേഷത്തിന്റെ ആനന്ദത്തിൽ മനുഷ്യനും - ദൈവവുമായുള്ള ബന്ധത്തെ പരിശോധിക്കുന്ന ഫ്രാൻസീസ് മാർപ്പാപ്പ. 'ലൗദാത്തോസീ'യിൽ ഈ സൃഷ്ടപ്രപഞ്ചവുമായുള്ള മാനുഷിക ബന്ധത്തിന് ഊന്നൽ നൽകിയിരിക്കുന്നു. 'അതിരുകളെ അതിലംഘിക്കുന്ന സ്നേഹത്തെക്കുറിച്ചുള്ള'' (നമ്പർ 1) പ്രബോധനമാണ് ഇത്.

ജന്മദേശത്തിനും ശാരീരിക സാമിപ്യത്തിനും ഉപരിയായി സഹോദരരെ പ്രോത്സാഹിപ്പിക്കാനും സ്നേഹിക്കാനും പ്രാപ്തമാക്കുന്ന സാഹോദര്യത്തിന്റെ തുറവിയെക്കുറിച്ചുള്ള (fraternel openners) (നമ്പർ 1) ഉൾക്കാഴ്ചകളും ദർശനങ്ങളും വിലയിരുത്തലുകളുമാണ് ഈ ചാക്രിക ലേഖനത്തിന്റെ ആകാരം.

**സാഹോദര്യത്തിന്റെ അടിസ്ഥാനം**

മനുഷ്യവംശത്തെ മുഴുവനും ഒരേ ശ്രേണിയിൽ ബന്ധിക്കുന്ന സാഹോദര്യത്തിന്റെ അടിസ്ഥാനമായി ഫ്രാൻസീസ് മാർപ്പാപ്പ കാണുന്നത് 'സൃഷ്ടി' (creation) എന്ന യാഥാർത്ഥ്യമാണ് (നമ്പർ 5, 272, 275). ദൈവത്തിന്റെ സൃഷ്ടിയായതുകൊണ്ടുതന്നെ മനുഷ്യരെല്ലാവരും തുല്യരാണ്. അദ്ദേഹം എഴുതുന്നു. "തുല്യാവകാശത്തോടും മാഹാത്മ്യത്തോടും ഉത്തരവാദിത്വത്തോടും കൂടി സഹോദരങ്ങളെപ്പോലെ ജീവിക്കാനായിട്ടാണ് ദൈവം എല്ലാ മനുഷ്യരെയും സൃഷ്ടിച്ചിരിക്കുന്നത്" (നമ്പർ 5) ഈ പിതാവിന്റെ പൊതു പൈതൃകത്തിലുള്ള പങ്കുചേരലാണ് മാനവവംശത്തെ മുഴുവനും ഒരേ ശ്രേണിയിൽ തുല്യരായി കോർത്തിണക്കുന്നതും (നമ്പർ 272). അതുകൊണ്ടുതന്നെ ഓരോ വ്യക്തിയുടേയും അന്തസത്ത സംരക്ഷിക്കാൻ സാധിച്ചെങ്കിൽ മാത്രമേ സാഹോദര്യം യാഥാർത്ഥ്യമാവുകയുള്ളൂ.

സാഹോദര്യത്തിന്റെ മറ്റൊരു അടിസ്ഥാനഭാവമായി മാർപ്പാപ്പ ചൂണ്ടിക്കാണിക്കുന്നത് 'പൊതു ഭവനത്തിൽ നാം ഒരുമിച്ചു വസിക്കുന്നു' എന്ന യാഥാർത്ഥ്യമാണ് (നമ്പർ 17). ഒരേ സൃഷ്ട പ്രപഞ്ചത്തിന്റെ മക്കളായ നാം ഒരേ ഐഹിക ജീവിതം പങ്കുവയ്ക്കുകയും ഭൗതിക വസ്തുക്കൾ പങ്കിടുകയും ചെയ്യുന്ന യാത്രികരാണ് (നമ്പർ 8). അതുകൊണ്ടുതന്നെ മനുഷ്യവംശത്തിന് മുഴുവനുമായുള്ള ഒരു പൊതു ചക്രവാളത്തെക്കുറിച്ചുള്ള അവബോധവും (നമ്പർ 26) നമുക്ക് ആവശ്യമാണ്. വ്യത്യസ്ത സംസ്കാരവും ജീവിതരീതിയും ഭാഷണവുമൊക്കെ മനുഷ്യവംശത്തെ വേർതിരിക്കുന്നുണ്ടെങ്കിലും നമ്മെ ഒരുമിപ്പിക്കുകയും ഒന്നിച്ചു ചേർത്തുനിർത്തുകയും ചെയ്യുന്ന ഘടകങ്ങളാണ് കൂടുതൽ ഉള്ളത്.

**സാഹോദര്യത്തെ ഹനിക്കുന്ന ലോകക്രമം**

മനുഷ്യസാഹോദര്യത്തെ ഹനിക്കുന്ന കാലിക ലോകക്രമത്തെക്കുറിച്ച് അസ്വസ്ഥനാവുകയും സങ്കടമനുഭവിക്കുകയും ചെയ്യുന്ന ഒരു പിതൃഹൃദയത്തിന്റെ വ്യഥകൾ ഈ ചാക്രിക ലേഖനത്തിലുടനീളം നമുക്ക് കാണുവാൻ കഴിയും. "അടഞ്ഞ

ലോകത്തിലെ ഇരുണ്ട മേഘങ്ങൾ'' എന്ന ശീർഷകത്തിലാരംഭിക്കുന്ന ഒന്നാമത്തെ അദ്ധ്യായം തന്നെ വിഷാദാത്മകമായ ഒരു ലോകത്തിന്റെ ചിത്രം വ്യക്തമാക്കുന്നു മാനവികതയുടെ സമഗ്രഥയെ ഇല്ലായ്മ ചെയ്യുന്ന ജീർണ്ണമായ ഈ ലോകക്രമത്തിലെ 'ശിഥിലീകരിക്കപ്പെട്ട കിനാവുകളെ' (നമ്പർ 10) ക്കുറിച്ച് വളരെ ദീർഘമായി തന്നെ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇടുങ്ങിയതും തീവ്രവും സങ്കുചിതവും വിദ്വേഷപരവും ആക്രമണോത്സുകവുമായ ദേശീയത (നമ്പർ 11), ചരിത്രാവബോധത്തിന്റെയും വിമർശനാത്മകതയുടേയും അഭാവം (നമ്പർ 14), നീതിയ്ക്കായുള്ള പോരാട്ടങ്ങളോടുള്ള നിസംഗത, അർത്ഥരഹിതമായ വാചോടോപങ്ങൾ (നമ്പർ 14), വൈരുദ്ധ്യതാല്പര്യങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടൽ, ഉപഭോഗപരതയുടെ തരം തിരിക്കൽ, വ്യക്തിത്വങ്ങളുടെ അപരവത്കരണം, ഒറ്റപ്പെടുത്തലുകൾ, നിന്ദനത്തിന്റെ നീതിശാസ്ത്രം (നമ്പർ 44) ഇങ്ങനെ സാഹോദര്യത്തിന് വിലങ്ങുതടിയും ഭീഷണിയുമായി മാറിയിരിക്കുന്ന നിരവധി കാര്യങ്ങളെ ഫ്രാൻസീസ് മാർപാപ്പ ചർച്ചാവിഷയമാക്കിയിരിക്കുന്നു. ഒപ്പം വർദ്ധിച്ചുവരുന്ന വംശീയതയും വിദ്വേഷ പ്രചരണവും പരദേശസ്പർദ്ധയും (നമ്പർ 84, 85, 97) സാഹോദര്യത്തിന് മങ്ങലേല്പിക്കുന്നു. ഒപ്പം ലോകക്രമത്തെ നിയന്ത്രിക്കുന്ന നവഉദാരവത്ക്കരണ സിദ്ധാന്തവും കമ്പോളവത്കരണവും സ്വാർത്ഥപരവും അഴിമതി നിറഞ്ഞതുമായ രാഷ്ട്രീയ സംവിധാനങ്ങളും ഈ വിധ്വംസകതയുടെ ആഴം വർദ്ധിപ്പിക്കുന്നു. മനുഷ്യവംശത്തെ ഹനിക്കുന്ന യുദ്ധം, ഭീകരവാദം, വംശീയ വിദ്വേഷം, മത മർദ്ദനം, മനുഷ്യക്കടത്ത്, കുടിയേറ്റം, രാഷ്ട്രീയരംഗത്തെ മുരടിപ്പും അനിശ്ചിതത്ത്വങ്ങളും, പ്രപഞ്ചവസ്തുക്കളുടെ പങ്കുവയ്ക്കലിലുള്ള അസംതുലിതാവസ്ഥ എന്നിവയും സാഹോദര്യത്തെ ഹനിക്കുന്ന ഘടകങ്ങളാണ്. യുദ്ധാനന്തര കാലഘട്ടത്തിൽ ആഗോള തലത്തിൽ ഉണ്ടായിരുന്ന സമാധാന ശ്രമങ്ങൾക്കും വികസിച്ചുവന്നിരുന്ന കൂട്ടായ്മയ്ക്കും സൗഹൃദത്തിനുമാണ് ഇന്ന് കോട്ടം സംഭവിച്ചിരിക്കുന്നത്.

**പാതയോരത്തെ അപരിചിതൻ : സാഹോദര്യത്തിന്റെ ദൈവശാസ്ത്രഭൂമിക**

ഇരുണ്ട കാലഘട്ടത്തിലെ പ്രത്യാശയുടെ ഗീതമായ സാഹോദര്യത്തെക്കുറിച്ചുള്ള തന്റെ പ്രബോധനത്തിന്റെ ദൈവശാസ്ത്ര ഭൂമികയായി തനതുകാലത്തെ വായനയും സമകാലവായനയും (Text-Pre-Test and Context) ഉൾച്ചേർത്തിരിക്കുന്ന ഈ ഭാഗം ഈ ചാക്രിക ലേഖനത്തിലെ ഏറ്റവും

നിർണ്ണായകമായ ചോദ്യവും നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. നല്ല ശമരായക്കാരന്റെ ഉപമയിലെ കഥാപാത്രങ്ങളിൽ ആരുമായി താദാത്മ്യപ്പെടാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? (നമ്പർ 69).

ഇവിടെ ഏറ്റവും പ്രസക്തമായ ചോദ്യം ആരാണ് അയൽക്കാരൻ എന്നതുതന്നെ. ചരിത്രപരവും സാംസ്കാരികവുമായ അതിർവരമ്പുകളെ ലംഘിച്ച ക്രിസ്തു (നമ്പർ 86), ഇടുങ്ങിയ എല്ലാ വിഭജനങ്ങളെയും അതിലംഘിക്കുന്ന നല്ല സമരായക്കാരനായിരിക്കുവാനുള്ള തുറവിയുടെ പാഠങ്ങളാണ് (നമ്പർ 101) ഈ ഉപമയിലൂടെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. മുറിവേൽപ്പിക്കപ്പെട്ടിരിക്കുന്നവരും അവഗണിക്കപ്പെട്ടിരിക്കുന്നവരുമായ എല്ലാവരോടും എല്ലാറ്റിനോടും പ്രകടിപ്പിക്കേണ്ട കാരുണ്യവും, ആർദ്രതയുമാണ് സാഹോദര്യത്തിന്റെ കേന്ദ്രഭാഗം.

ഈ ഉപമയുടെ വ്യാഖ്യാനത്തിൽ മാർപ്പാപ്പ നൽകുന്ന ചില ക്രിയാപദങ്ങൾ ശ്രദ്ധേയമാണ്. പാതയോരത്തെ മുറിവേറ്റ അപരിചിതനെ കണ്ടെങ്കിലും നിസംഗതയോടെ കടന്നുപോയവരെ അപേക്ഷിച്ച് നല്ല സമരായൻ അവനെ നോക്കി, നിന്നു, സമീപത്തു ചെന്നു, ശുശ്രൂഷിച്ചു. പണം ചിലവഴിച്ചു. എല്ലാറ്റിനുമുപരിയായി തന്റെ സമയം ചിലവഴിച്ചു (നമ്പർ 63) അപരന്റെ മുറിവുകളോടും ദുർബലതകളോടും സഹാനുഭൂതിയോടെ ഇടപെടുവാൻ കഴിയുന്ന സാഹോദര്യത്തിന്റെ തികച്ചും മൂർത്തമായ ആവിഷ്കാരമാണ് യഥാർത്ഥ ക്രൈസ്തവികത (നമ്പർ 67). ഓരോരുത്തരും തന്റേതായ വ്യഗ്രതയിൽ തിരക്കേറിയ ലോകത്തു യാത്ര ചെയ്യുമ്പോൾ പാതയോരത്ത് അവശരും തൃണവത്കരിക്കപ്പെട്ടവരും മുറിവേറ്റവരുമായി കിടക്കുന്ന മർദ്ദിതരെയും പീഡിതരെയും പാർശ്വവ്തകരിക്കപ്പെട്ടിരിക്കുന്നവരെയും ശുശ്രൂഷിക്കാനും പരിചരിക്കാനും കഴിയുമ്പോൾ മാത്രമേ ലോകത്തിൽ സാഹോദര്യം സംലഭ്യമാകൂ.

**തുറവിയും സമത്വവും: സാഹോദര്യത്തിന്റെ ആന്തരിക സാരം**

“നാം സോദരർ”ൽ ഏറ്റവുമധികം ഉപയോഗിച്ചിരിക്കുന്ന പദമാണ് തുറവി. തുറക്കുക - തുറന്ന (Open) എന്ന് 76 തവണയും തുറവി (Openess) എന്ന് 21 തവണയും ഇതിൽ ആവർത്തിക്കുന്നു. സാഹോദര്യത്തിലൂടെ സംലഭ്യമാകേണ്ട സമാധാനത്തിലേയ്ക്കുള്ള ആന്തരിക പാതയാണ് അപരനിലേയ്ക്ക് തുറക്കുവാനുള്ള ഈ ആഹ്വാനം. ഒരു വ്യക്തി തന്നിൽ തന്നെ വളർത്തിയെടുക്കേണ്ട അഭിമുഖീകരണത്തിന്റെ സംസ്കാരത്തിലൂടെ (Culture of Encounter) യാണ് ഈ തുറവി യാഥാർത്ഥ്യവുമായിത്തീരേണ്ടത്

(നമ്പർ 216) യഥാർത്ഥ സമാധാനത്തിലേയ്ക്കുള്ള വസ്തുനിഷ്ഠവും ഋജുവുമായ പാതയാണ് ഇത് (നമ്പർ 218). അപരനിലേയ്ക്കുള്ള തുറവി എന്നത് കേവലം ഒരു വ്യക്തിയിലേക്ക് മാത്രമുള്ള അഭിവിന്യാസമല്ല (Orientation) മറിച്ച് എല്ലാത്തരം തർക്കങ്ങൾക്കും വെല്ലുവിളികൾക്കും നിഷേധാത്മകമായ ചിന്തകൾക്കും പ്രവൃത്തികൾക്കുമുപരിയായി ഉദാത്തമായ മാനവികതയേയും മനുഷ്യാന്തസിനേയും ജീവിതത്തിന്റേയും ദർശനത്തിന്റെയും കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുന്ന ആന്തരികമായ ഭാവമാണ് (നമ്പർ 230). ഒരു വ്യക്തിയുടെയും സമൂഹത്തിന്റെയും രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ പ്രവർത്തനങ്ങളുടെ കേന്ദ്രമായി 'മാനവികത' മാറിത്തീരുന്ന നിർമ്മലവും സ്വച്ഛന്ദവുമായ ആത്മീയ ആകാരവുമാണിത്.

തിരസ്കൃതരായ സകലത്തിനെയും സമന്വയിപ്പിക്കുന്ന സാഹോദര്യത്തിന്റെ (നമ്പർ 97) ആത്മീയ തലങ്ങളിലേക്കാണ് തുറവിയുടെ ഈ വിജ്ഞാനശാസ്ത്രം (Epistemology) നമ്മെ വഴി നടത്തുന്നത്. ആധുനിക ലോകക്രമത്തിനും നവ ചിന്താപദ്ധതി കൾക്കും ആവേശമരുളുകയും വഴി കാട്ടുകയും ചെയ്ത ഫ്രഞ്ചു വിപ്ലവത്തിന്റെ ദീപ്താശയങ്ങളായിരുന്ന സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയുടെ ദാർശനികവും പ്രായോഗികവുമായ മണ്ഡലങ്ങളുടെ പ്രകീർത്തനമായി ഈ ചാക്രിക ലേഖനം മാറുന്നതും നമുക്കു കാണുവാൻ കഴിയും (നമ്പർ 103).

തുറവിയുടേയും സമന്വയത്തിന്റേയും ഈ നീതിശാസ്ത്രം ഭാവാത്മകമായ നവീനചിന്തകൾക്കുള്ള വിത്തു വിതയ്ക്കുന്നതു വഴിയാണ് ദൈവശാസ്ത്രപരവും ധൈഷണികവുമായ പുതിയ ദർശനങ്ങൾക്കായി വാതിൽ തുറന്നിടുന്നത്. കൂടുതൽ ഗൗരവത്തോടെയും യുക്തിയോടെയും വിശ്വാസത്തിന്റെയും സമന്വയത്തിലൂടെയും ക്രമാനുഗതമായി വളരേണ്ട മൂല്യങ്ങളിലേയ്ക്കുള്ള വഴികാട്ടിയായി ഈ ചാക്രികലേഖനം നിലകൊള്ളുന്നു. ആധികാരികമായ മനുഷ്യാസ്തിത്വത്തിന്റെ ഭാഗമായി അപരനെ കാണുവാൻ കഴിയണം (നമ്പർ 87) എന്നു പറയുന്ന ഫ്രാൻസീസ് മാർപ്പാപ്പ മനുഷ്യാവകാശത്തിന് അതിരുകളില്ല എന്ന് ആവർത്തിച്ച് സമർത്ഥിക്കുന്നുമുണ്ട് (നമ്പർ 121, 129) 'ഭൂമി' (Earth) യുടെ സാർവത്രികതയെ ഭാവാത്മകമായി അവതരിപ്പിക്കുന്ന പാപ്പ ഓരോ രാഷ്ട്രവും അതിലെ പ്രഖ്യാപിത പൗരന്മാർക്കു മാത്രമല്ല പരദേശികൾക്കും അവകാശപ്പെട്ടതാണെന്ന് പ്രഖ്യാപിക്കുകവഴി (നമ്പർ 124) രാജ്യാന്തര തലങ്ങളിൽ ഇന്ന് നില നിൽക്കുന്ന നിയമ

വ്യവസ്ഥകളുടെയും, ചട്ടക്കൂടുകളുടെയും നവീകരണത്തിനാണ് ആഹ്വാനം ചെയ്യുന്നത്. "ആഗോള സമൂഹം പല രാജ്യങ്ങളുടെ ആകെത്തുകയല്ല, പാരസ്പര്യത്തിൽ ഒന്നിക്കുന്ന കൂട്ടായ്മയാണ്" (നമ്പർ 149) എന്നു സമർത്ഥിക്കുമ്പോൾ അതിർത്തികളുടെയും സാംസ്കാരിക വിഭിന്നതയുടേയും പ്രാദേശിക ദേശീയ സങ്കുചിതത്വങ്ങളുടേയും നിരർത്ഥകതയെയാണ് ജ്യോതിപ്പിക്കുന്നത്. ഓരോ രാജ്യത്തിന്റെയും വ്യക്തിനിഷ്ഠവും സ്വകാര്യവുമായ പ്രാമാണിത്വത്തിനും അധികാരപ്രയോഗത്തിനും ബദലായി വിശ്വമാകെ ചൂഴ്ന്നു നിൽക്കുകയും പ്രപഞ്ചസാകല്യതയെ പരിപോഷിപ്പിക്കുകയും ചെയ്യുന്ന പൊതു നന്മയെ ഇവിടെ പ്രതിഷ്ഠിക്കുന്നു.

സർവ്വലൗകീകമായ ഈ ദർശനം സ്നേഹത്തിലാണ് മാർപ്പാപ്പ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. സ്നേഹം വൈകാരിക-ഭൗതീക തലങ്ങൾക്കതീതമായി തുറവിയിലേയ്ക്കും വളർച്ചയിലേയ്ക്കും മനുഷ്യവംശത്തെ നയിക്കുന്ന ആന്തരിക ചോദനമാണ്. പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നവരെ ഉൾക്കൊള്ളുകയും പാരസ്പര്യത്തിലൂന്നിയ പങ്കുവയ്ക്കലിലൂടെ യാഥാർത്ഥ്യമാവുകയും ചെയ്യേണ്ട സ്നേഹം (നമ്പർ 95) എല്ലാ മനുഷ്യരുടെയും ആന്തരിക മഹത്വത്തെ മാനിക്കുന്നതും തിരസ്കൃതരും നിന്ദിതരും പീഡിതരുമായ മനുഷ്യരെ ഉൾകേർക്കുന്നതുമായിരിക്കണം (നമ്പർ 118). സാഹോദര്യത്തിലേയ്ക്കും സമാധാനത്തിലേയ്ക്കുമുള്ള ഈ യാത്രയിൽ മനുഷ്യസമൂഹം കരഗതമാക്കേണ്ട രണ്ടു മൂല്യങ്ങളെ സവിശേഷമായ രീതിയിൽ ഈ ചാക്രികലേഖനം അടയാളപ്പെടുത്തുന്നുണ്ട്. വിശ്വസാഹോദര്യവും (Universal Fraternity), സാമൂഹിക ചങ്ങാത്തവും (Social Friendship) ഈ പ്രബോധനത്തിന്റെ ജീവസുറ്റ ചിന്താധാരകളായി നിലകൊള്ളുകയാണ് (നമ്പർ 5,6,94,97,106,142,206 etc.). ഒരു നഗരത്തിന്റേയോ രാജ്യത്തിന്റേയോ ഏതെങ്കിലും പ്രത്യേക വിഭാഗത്തിന്റേയോ ഇടുങ്ങിയതും, ഹ്രസ്വവുമായ തലങ്ങളിൽ നിന്നും വിശ്വത്തിന്റെ അനന്തവിഹായസ്സിലേയ്ക്ക് ഒരാളുടെ ദർശനത്തെ പരുവപ്പെടുത്തുവാനുള്ള ആഹ്വാനമാണ് വിശ്വസാഹോദര്യത്തിന്റെ സന്ദേശം നമുക്ക് മുമ്പിൽ തുറന്ന് വയ്ക്കുന്നത്. ഒരു വ്യക്തിയുടെ കേവലമായ അടിസ്ഥാന ആവശ്യങ്ങളുടെ നിറവേറ്റലിനുപരിയായി ഒരുവന്റെ സമൂല വളർച്ച ലക്ഷ്യമാകത്തക്ക രീതിയിൽ സാമൂഹിക സാഹചര്യങ്ങളെ ക്രമപ്പെടുത്തുവാനും ഉപയോഗിക്കുവാനും നിർവ്വഹിക്കുവാനുമുള്ള കടമയും ഉത്തരവാദിത്വവും എല്ലാവർക്കും ഉണ്ടെന്നുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ പ്രബോധനം (നമ്പർ 110).

**സംവാദത്തിലൂടെ സമാധാനത്തിലേയ്ക്ക്**

സാഹോദര്യത്തെ ഹനിക്കുന്ന എല്ലാത്തരം ഛിദ്രശക്തികൾക്കും പരിഹാരമായി മാർപ്പാപ്പ നൽകിയിരിക്കുന്ന പ്രധാനമായ ഔഷധമാണ് സംവാദം ( Dialogue). ഈ ചാക്രിക ലേഖനത്തിന്റെ ആറാം അദ്ധ്യായം മുഴുവനും സംവാദത്തിന്റെ വ്യത്യസ്ത തലങ്ങളെ അപഗ്രഥിക്കാനായിട്ടാണ് നീക്കി വച്ചിരിക്കുന്നത്.

പരസ്പരമുള്ള സംവാദത്തിലൂടെ ഉരുത്തിരിയേണ്ടുന്ന സമാധാനപൂർണ്ണമായ ഒരു ലോകക്രമമാണ് മാർപ്പാപ്പയുടെ ദർശനത്തിൽ ലീനമായിരിക്കുന്നത്. സംവാദത്തിൽ ഏർപ്പെടുന്ന ഓരോരുത്തർക്കും പ്രഥമമായി വേണ്ടത് സ്വന്തം തനിമയെക്കുറിച്ചുള്ള ആഴമേറിയ ബോധ്യവും വ്യക്തമായ അവബോധവുമാണ് (നമ്പർ 143). ഇത്തരം ആഴമേറിയ ബോധ്യത്തിൽ അടിയുറച്ചു നിൽക്കുന്ന ഒരാൾക്ക് മാത്രമേ അപരനിലേയ്ക്ക് തുറക്കുവാനും ഇതര ദർശനങ്ങളെ അതിന്റെ തലത്തിൽ ഉൾക്കൊള്ളുവാനും കഴിയൂ.

ഇതരമതത്തെയും ദർശനത്തെയും സംസ്കാരത്തെയും ശത്രുവായി കാണാതെ (നമ്പർ 147) അപരനെ ആദരിക്കാനും സ്നേഹിക്കാനും ഉൾക്കൊള്ളുവാനും കഴിയുമ്പോഴാണ് സാഹോദര്യവും സമാധാനവും സംലഭ്യമാകുന്നത്. മാർപാപ്പയുടെ തന്നെ വാക്കുകളിൽ "വ്യക്തികളും സമൂഹവും നിലപാടുകളിൽ വ്യക്തത ഉള്ളവരാകുകയും നിലനിൽക്കുകയും മൂല്യങ്ങളെ മുറുകെ പിടിക്കുകയും തങ്ങളുടെ തത്വങ്ങളെ വികസിപ്പിക്കുകയും ചെയ്താൽ സമൂഹത്തിന് ഗുണപ്രദമാകും' (നമ്പർ 203).

സംവാദനത്തിനു വേണ്ട മറ്റൊരു പ്രത്യേകത ആഴവും വ്യാപ്തവുമായ ഉൾക്കാഴ്ചയാണ്. നമ്മുടെ തന്നെ കാഴ്ചകളുടെ പരിമിതികൾക്കുള്ളിൽ നിന്നാണ് നാം കാര്യങ്ങളെ വ്യാഖ്യാനിക്കുന്നതെങ്കിൽ അത് ഹ്രസ്വവും പ്രതിലോമപരവുമായിരിക്കും. മറിച്ച് അപരന്റെ കാഴ്ചപ്പാടിലൂടെ കാണുവാനും വ്യതിരിക്തതകളെ അംഗീകരിക്കാനും അറിയുവാനും സാധിച്ചാൽ സംവാദം ക്രിയാത്മകവും ഫലദായകവുമായി തീരും (നമ്പർ 147). ചിന്തയിലെ വ്യക്തത, യുക്തിപൂർവ്വം സത്യസന്ധവുമായ വാദങ്ങൾ, നാനാതരത്തിലുള്ള കാഴ്ചപ്പാടുകൾ, വിവിധ മേഖലകളിൽ നിന്നുമുള്ള ഉൾക്കാഴ്ചകളുടെ സ്വാംശീകരണം എന്നിവയെല്ലാം സംവാദത്തിന്റെ ഫലപ്രാപ്തിക്ക് അനിവാര്യമാണ് (നമ്പർ 211).

ഈ സംവാദത്തിൽ യാതൊരുവിധത്തിലുള്ള ഒത്തുതീർപ്പുകൾക്കും താത്ക്കാലികമായ യോജിപ്പുകൾക്കും സാധ്യമല്ലാത്ത ചില അടിസ്ഥാന പ്രമാണങ്ങളുമുണ്ട്. ധാർമ്മിക സത്യങ്ങൾ, മനുഷ്യ മാഹാത്മ്യം (നമ്പർ 207, 21) അടിസ്ഥാന മനുഷ്യാവകാശങ്ങൾ (നമ്പർ 209) മനുഷ്യസ്വഭാവം (നമ്പർ 208) മുതലായവയിൽ യാതൊരു തലത്തിലുമുള്ള നീക്കുപോക്കുകൾക്കും ഇടനൽകേണ്ട തില്ല എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവണ്ണം അദ്ദേഹം വ്യക്തമാക്കുന്നു. എല്ലാറ്റിനുമുപരിയായി പൊതുനന്മ (Common Good) ആയിരിക്കണം നാം ലക്ഷ്യം വയ്ക്കേണ്ടതും. ഇങ്ങനെ സർഗ്ഗാത്മക മായ സംവാദത്തിലൂടെ ഉരുത്തിരിയുന്ന സമാധാനപൂർണ്ണമായ ഒരു ലോകക്രമത്തിന്റെ ഉദയമാണ് ഈ ചാക്രികലേഖനം പ്രത്യാശിക്കുന്നത്.

**ഉപസംഹാരം**

ആമുഖത്തിൽ സൂചിപ്പിച്ചിരുന്നതുപോലെ വ്യത്യസ്തതയാർന്ന പ്രമേയങ്ങളും വൈവിധ്യമേറിയ ചിന്താപദ്ധതിയും ദൈവശാസ്ത്ര-സാമൂഹിക വിശകലനങ്ങളും ഉൾക്കൊള്ളുന്ന ഈ ചാക്രികലേഖനത്തെ ഹ്രസ്വമായ ഈ പേജുകളിൽ ഒതുക്കുക അസാധ്യമാണ്. എന്നിരുന്നാലും സമാധാനപൂർണ്ണമായ ഒരു ലോകക്രമത്തിലേയ്ക്ക് ആഗോള ജനതയെ നയിക്കുവാനുള്ള ഫ്രാൻസീസ് മാർപ്പാപ്പയുടെ ആഹ്വാനത്തിലെ വളരെ പ്രധാനപ്പെട്ട ചിന്താധാരകൾ ക്രോഡീകരിക്കുവാൻ ശ്രമിക്കുകയായിരുന്നു. ലോകത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമായ ചില നിർദ്ദേശങ്ങൾ എന്നതിലുപരിയായി കൃത്യവും ആഴമേറിയതുമായ ചില മൂല്യങ്ങളുടെ ആവിഷ്ക്കാരമാണ് ഈ പ്രബോധനം. ചുരുക്കത്തിൽ ക്രിസ്തുവിലേക്കും അവിടുത്തെ സുവിശേഷത്തിലേയ്ക്കുമുള്ള മടക്കയാത്ര. ദൈവശാസ്ത്രപരമായി ഏറെ ആഴമുള്ളതും ദാർശനികമായി ഔന്നത്യം പുലർത്തുന്നതും സമകാലിക യാഥാർത്ഥ്യങ്ങളെ കൃത്യതയോടെ അപഗ്രഥിച്ച് പ്രായോഗികമായ വെല്ലുവിളികൾ ഉയർത്തുന്നതും സുവിശേഷാധിഷ്ഠിതവും ക്രിസ്തു കേന്ദ്രീകൃതവുമായ ഈടുറ്റ വീക്ഷണങ്ങളാൽ പ്രചോദിപ്പിക്കുന്നതുമായ ഈ ചാക്രിക ലേഖനം ആഴത്തിലുള്ള വായനയും ഗൗരവാവഹമായ പഠനവും തീവ്രമായ അനുധ്യാനവും ആവശ്യപ്പെടുന്ന ഒരു നവീന പ്രബോധനമാണ്.

◆

# SECULARISATION AS *KENOTIC* INCARNATION

**Dr. Rogi Thomas Narithookkil CST,**

**The pontifical Scots College, Rome, rogi@pust.it**

## Introduction:

Sometimes words move from one field of language to another. This also can be applied to the Greek word *kenosis* first used by Theologians. Since Philosophy's religious turn, the concept of *kenosis* is used to search out new ways of speaking about God in an era after the 'death of God'. In postmodernity, a link is created between secularisation and the end of metaphysics as a form of *kenosis,* by which the Christian God sheds more and more of his traditional metaphysical properties, bringing forth the truth of Christianity. I draw a different but a new interpretation of *kenosis, incarnation and secularisation*. Secularisation here would describe the course of history not as a linear progression or as decadence, but as a course of events in which emancipation is reached only by means of radical transformation and distortion of its very content. This distortion of the metaphysical 'Being' or any absolute truth claim is described as *kenosis* which is an opportunity for a reconstruction of any absolute in relation to the truth of Christianity.

## Overcoming Sacred Violence:

It was an Enlightenment tendency to attribute to the sacred a deep-rooted violence. Harmony is established only by finding the scapegoat on which to focus violence. While retaining the status of a sacrificial victim, the scapegoat is invested with sacred attributes. This scapegoat-victim is retained in the Bible with Jesus as the perfect victim. However, there are also those who argue that Jesus' incarnation did not take place to supply the Father with a victim adequate to his wrath; rather, Jesus came into the world precisely to reveal and abolish the nexus

between violence and the sacred. He was put to death because such a revelation was intolerable to a humanity rooted in the violent tradition of sacrificial religions.[1] The incarnation, that is God's abasement to the level of humanity, what the New Testament calls God's *kenosis*, is interpreted as the sign that the non-violent and non-absolute God of the post-metaphysical epoch has as its distinctive trait the vocation for weakening. This weakening of the 'absoluteness' is the 'transcription' of the Christian message as a great event, as a kind of decisive recovery of the true essence. This reflection paved the way for a conception of secularisation characteristic of modern Western history as an event within Christianity linked positively to Jesus' message and to a conception of the history of modernity as a weakening and dissolution of 'Being'. If the natural Sacred's violent mechanism is unveiled and undermined by Jesus, it is possible that secularisation is a positive effect of Jesus' teaching, not a way of moving away from it.

**Secularisation:**

Secularisation can be understood as the positive result of Jesus' teaching. If the natural sacred is the violent mechanism that Jesus came to unveil and undermine, it is possible that secularisation - which also constitutes the Church's loss of temporal authority and human reason's increasing autonomy from its dependence upon an absolute God, is precisely a positive effect of Jesus' teaching and not a way of moving away from it. Based on this argument, Secularisation is understood

[1] Gianni Vattimo and Rene Girard, *Christianity, Truth, and Weakening Faith: A Dialogue*, ed., Pierpalo Antonello, and trans., William McCuaig, New York: Columbia University press, 2010, p. 27. Vattimo further elaborates, "in fact, the non-victimary reading of the Scripture was already there in the original teachings of Jesus, but as the Vulgate text of John 1:5 has it, "*et lux in tenebris lucet, et tenebrae eam non comprehenderunt*." The light – of life, flowing from the *word/verbum/logos* – shines in the darkness and the darkness could not comprehend it."

as lay modernity being constituted above all as the continuation and de-sacralisation of the Biblical message.

The relevance of secularisation and its post-metaphysical nihilistic relation to the Christian message is explained varyingly. (1) Secularisation comprises all the forms of dissolution of the sacred characteristic of the modern process of civilisation. It is the mode in which the weakening of Being realises itself as the *kenosis* of God, which is the kernel of the history of salvation. Secularisation shall no longer be conceived of as abandonment of religion but as the paradoxical realisation of Being's religious vocation. (2) Secularisation as a 'positive' fact, signifies the dissolution of the sacred structures of Christian society, the transition to an ethics of autonomy, to a lay state, to a more flexible literalism in the interpretation of dogmas and precepts, should be understood not as the failure of or departure from Christianity, but as a fuller realisation of its truth, which is, as we recall, the *kenosis*, the abasement of God, which undermines the 'natural' features of divinity. (3) Secularisation is the way in which *kenosis*, having begun with the incarnation of Christ, but even before that with the covenant between God and 'his' people, continues to realise itself more and more clearly by furthering the education of mankind concerning the overcoming of violence essential to the sacred and to social life itself. (4) Referring to twentieth century theological literature, secularisation is defined as the purification of the Christian faith, the progressive dissolution of the 'natural' religious attitude in favour of a more open recognition of faith's authentic essence. Finally, secularisation also can be described as the constitutive trait of an authentic religious experience. It means precisely a relation of provenance from a sacred core from which one has moved away, but which nevertheless remains active even in its 'fallen' distorted version, reduced to purely worldly terms.

Notably, secularisation can re-propose the question of God and Being, because weakening being the transcription of the Christian message, discloses itself in the incarnation (*kenosis*) of God in the post-modern world as a progression of modernity. This deconstruction of the *kenosis* of God, and its progression to post-modernity is where hermeneutics plays its philosophical and ontological part in ripening the fruit of secularisation.

**Kenotic Incarnation:**

Since secularisation is analysed in relation to the formative role of the Christian message, this understanding of secularisation paves the way for the emergence of hermeneutic tool of *kenosis*. With *kenosis*, philosophy overcomes metaphysics and rediscovers its roots in the religious tradition. This means that along with the significant role of hermeneutics in the rationalist philosophy, hermeneutics also played an influential interpretive role in the religious cultures. Modern hermeneutic philosophy is born in Europe not only because here there is a religion of the book that focuses attention on the phenomenon of interpretation, but also because this religion has at its base the idea of the incarnation of God, which it conceives as *kenosis*, as abasement.

Consequently, secularisation and hermeneutics in turn are rooted in Christianity as the religion of k*enosis*. The word *kenosis* is derived from the Greek êÝíùóéò means 'to empty' or to 'make empty'. The theological meaning of the term is taken from the verb *êÝíùóåí* (*ekénôsen*) as used in Philippians 2:7 which reads that "he [Christ] *emptied* himself". The core of the New Testament is the incarnation, "God's abasement to the level of humanity, which is described as *kenosis*". This is the secularisation of the sacred in Christ. Accordingly, *Kenosis* is the removal of all the transcendent, incomprehensible, mysterious and even bizarre features that so many theorists

term 'the leap of faith'. K*enosis*, thus, is a significant concept that evoke[s] the complex relationship between God and humanity, transcendence and immanence, the Sacred and the profane, the Other and the Self, in short, the religious relationship, or the specific and enigmatic relationship we call religion. Since the term is linked to 'friendship' and 'religion', many philosophers have an interest in *kenosis*. *Kenosis* is a 'happy event' because here God and human beings come together to form a new humanity that sheds its old nationalistic and ethnic identities.

**Conclusion:**

*Secularisation as kenotic incarnation* is an interpretive application of the biblical message on 'a level' that is not strictly sacramental, sacred or ecclesiologic. However, it is possible to set a limit for the entire process of secularisation and *kenosis*. The hermeneutics of *kenosis* itself sets the limit of the process of secularisation. Hermeneutics is used here not to interpret gospel stories ironically, or to re-construct ancient myths, but to re-think more concretely the secularisation of Christianity as the liberation of the plurality of myths. The kenotic action of God preached through hermeneutic philosophy comes to fruition in philosophy's renunciation of strong, objective structures. Christianity adheres to charity (*caritas*) rather than making any hard claim to final truth. In *kenotic* Christianity, the source and paradigm of secularisation is actualised and open to further realisation in charity. In post-modernity, the sacred scripture itself is the progressive guide to desacralisation, that is, charity as the means to the spiritualisation of the biblical message and which is effective on all spheres of life, in cultural, political, and social pluralism. The precept '*Dilige, et quod vis fac*' (Love, and do what you will) by St. Augustine, should further clarify efficacy of the criterion of *caritas*. Hence, the transformation of Christianity in charity is possible through a preference for *love* rather than for the justice, severity, or the majesty of God. ◆

## വചനം മാംസമായി

ഫാ. ടോണി പഴയകളം സി.എസ്.റ്റി.

ഇതു കോവിഡ് യുഗത്തിലെ തിരുപ്പിറവികാലമാണ്. യോഹന്നാൻ "വചനം മാസമായി" (1:14) എന്നു വ്യഖ്യാനിക്കുന്ന വചനപിറവിയുടെ തിരുന്നാളാണിത്. വചനം അമൂർത്തമായ സന്ദേശം ആണ്. ആ വചനം മൂർത്തമായിത്തീരുന്ന പ്രക്രിയയാണ് മനുഷ്യാവതാരം. എങ്ങനെയും, എന്തും ആകാമായിരുന്ന "സന്ദേശം" വാക്കും, ചിന്തയും, പ്രവർത്തിയും ഏകീഭവിക്കുന്ന ജീവനുള്ള മനുഷ്യനായിത്തീരുന്നു. ഒന്നു ധ്യാനിച്ചാൽ ഇതൊരു വലിയ വികേന്ദ്രീകരണത്തിന്റെ ചിന്തയാണ്. 'വചനം' എന്ന കേന്ദ്രീകൃത ഭാവത്തിൽ നിന്നും 'മനുഷ്യൻ' എന്ന ദൈവവെളിപ്പെടുത്തലിന്റെ അനന്തസാധ്യതകളിലേക്ക് താഴ്ന്നിറങ്ങുന്ന വികേന്ദ്രീകരണത്തിന് ദൈവമനസ്സാണ് ഈ തിരുനാൾ.

കോവിഡ് കാലം - മനുഷ്യകുലം മുഴുവൻ "ആരോഗ്യം-ജീവൻ'' എന്നീ രണ്ട് തത്വങ്ങളിലേക്ക് —വിഭവങ്ങൾ മുഴുവൻ കേന്ദ്രീകരിച്ച കാലഘട്ടമാണ്. ഈ കാലഘട്ടത്തിന്റെ അനിവാര്യമായ ഒരു പ്രത്യാഘാതമാണ് പട്ടിണിയും പണവും വ്യത്യസ്ത കോണുകളിലേക്ക് കേന്ദ്രീകരിക്കപ്പെട്ട് വിഭവങ്ങൾ ധ്രുവീകരിക്കപ്പെടുന്നതിന്റെ പ്രതിഫലനങ്ങൾ വരാനിരിക്കുന്ന ദശകങ്ങളിൽ രാജ്യങ്ങളെയും, ഗ്രാമങ്ങളെയും കുടുംബങ്ങളെയും, വ്യക്തികളെയും പൊതു സംവിധാനങ്ങളെയും സ്ഥാപനങ്ങളെയും ഉലക്കും എന്നത്. ഉലഞ്ഞ മനുഷ്യചരിത്രത്തിന്റെ ഒരു ഏടിൽ ഉടച്ചുവാർക്കലിന്റെ ദൈവീക ഇടപെടൽ ആയിരുന്നു മനുഷ്യാവകാശം. "സന്മനസ്സ് ഉള്ളവർക്ക് സമാധാനം'' പകർന്ന് ദൈവീക ഇടപെടൽ വചന സന്ദേശത്തിന്റെ വിസ്ഫോടനം മാംസമായവനിൽ തിരിച്ചറിഞ്ഞ വരൊക്കെ തങ്ങളുടെ സ്വാസ്ഥ്യങ്ങളിൽ നിന്നും ഇറങ്ങി ഇടപെട്ടവരാണ്. മറിയം എലിസബത്തിനെ അന്വേഷിക്കുന്നു. ആട്ടിയടർ സന്തോഷത്തിന്റെ വാർത്തയിലേക്ക് ഓടി അണയുകയും അറിയിക്കുകയും ചെയ്യുന്നു. ജ്ഞാനികൾ അവനിലേക്ക് നടന്നിറങ്ങുന്നു.

ഒന്നു ധ്യാനിച്ചാൽ മനുഷ്യാവതാരത്തിന്റെ ചിന്തകൾ മൂന്നു വാക്കുകളിൽ ഒതുക്കാം: (1) ഇറങ്ങുക (2) ഇടപെടുക (3) ചില വഴിക്കുക. കോവിഡ് കാലത്തെ ക്രിസ്തുമസ് ചിന്തകളിൽ നിറയുന്ന വികേന്ദ്രീകരണത്തിന്റെ രക്ഷാകര സന്ദേശമാണിത്.

വചനം ഇറങ്ങി - ഇടപെട്ട് - സ്വയംവ്യയം ചെയ്ത വഴികളെ കോർത്തിണക്കിയാണ് യോഹന്നാൻ വചനം മാംസമായി എന്നു പറയുന്നത്. നല്ല സമറായന്റെ കഥയിൽ ഈ മനുഷ്യാവതാരം ഉണ്ട്. നല്ല അവസ്ഥകളുടേയും ദുരവസ്ഥകളുടേയും ധ്രുവീകരണങ്ങളുടെ കഥയാണിത്. ഇവിടെ സമറായൻ ഇറങ്ങി - ഇടപെട്ട് - ചിലവഴിച്ചു എന്നതിൽ സംഭവിക്കുന്നത് അവസ്ഥകൾ തകിടം മറിക്കലാണ്.

വിശ്വാസത്തിന്റെ കാര്യത്തിലും ഇത് സംഭവിക്കുന്നു. യുക്തിവാദത്തിന്റെയും നിരീശ്വരവാദത്തിന്റെയും ഒക്കെ പ്രളയമാണ് നമുക്ക് ചുറ്റും. അതിന്റെ ഇൻഫർമേഷൻ പോകുന്നവരിലേക്ക് മറ്റ് അഭിപ്രായങ്ങൾ എത്തുന്നില്ല. മതനിരപേക്ഷത മതവിരോധമായും, യുക്തിവാദം വൈദികവിരോധമായും ഒക്കെ മാറുന്നത് തിരിച്ചറിയാൻ പോലും ശേഷിയില്ലാത്ത യുക്തിയുടെ അപ്പസ്തോലന്മാരോട് സഹതപിക്കാനേ നിവർത്തിയുള്ളൂ. പക്ഷേ ഇവരെയൊക്കെ കേട്ട് വളരുന്ന യുവതലമുറയിലും സഹജമായ ആത്മീയാന്വേഷണത്തിന്റെ ദാഹമുണ്ട്. ‘‘ദൈവത്തിൽ വിശ്വസിക്കണമെന്ന് ആഗ്രഹമുണ്ട്. വിശ്വസിക്കുന്നതും പ്രാർത്ഥിക്കുന്നതും ഉള്ളിലെ ഏതോ ശൂന്യത നിറയ്ക്കുന്നും ഉണ്ട്, പക്ഷേ ലോകം മുഴുവൻ ദൈവം ഇല്ല എന്നു പറയുന്നു!!.’’ യൂറോപ്പിലെ ചില യുവാക്കൾ തന്നെ പറയുന്നതാണിത്.

അർത്ഥം അന്വേഷിക്കുന്നവരുടെ എണ്ണം വർദ്ധിക്കുകയാണ്. ‘ഹോമോസാപിയൻസ്’, 21 questions for the 21st century’ എന്നീ ബെസ്റ്റ് സെല്ലറുകളുടെ ഗ്രന്ഥകർത്താവായ യോനാ ഹരാരിയോട് ഒരു ഇന്റർവ്യൂവിൽ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ വളരുന്ന കുട്ടികളെ ഏത് മേഖലയിൽ പരിശീലിക്കണം എന്ന് ചോദ്യകർത്താവ് ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ ഉത്തരം ‘നിരന്തരം സ്വയം കണ്ടെത്താൻ അവരെ പരിശീലിപ്പിക്കുക’ എന്നാണ്. ഇങ്ങനെ ഇരുട്ടിൽ തപ്പുന്ന യുവതലമുറയെ കാത്തിരിക്കാൻ ക്രിസ്തു വേണം. വിശ്വാസികളോടും മിഷൻ പ്രദേശങ്ങളിലും നടത്തുന്ന പ്രഭാഷണങ്ങൾ സംശയിക്കുന്നവർക്കും അന്വേഷികൾക്കും ഉപകാരപ്പെടില്ല. വികാരാവേശവും സാക്ഷ്യങ്ങളും പാഴാവും. പാണ്ഡിത്യവും ബോധ്യവും ഉള്ള അന്വേഷികൾ തന്നെ വേണം അതിന്. നമ്മുടെ പ്രഭാഷണങ്ങളിൽ വരുന്ന ചെറു പിഴവുകൾക്കും നാമിനി

വിലകൊടുക്കേണ്ടി വരും എന്നത് നമ്മെ ഭയപ്പെടുത്തണം.

നാം തന്നെയും ഈ യുക്തിചിന്തകളുടെയും സംശയ ങ്ങളുടെയും ഇൻഫർമേഷൻ ലൂപ്പിൽ പെട്ട് പോകാനുള്ള സാധ്യതയും നാം മറക്കരുത്. വായനാശീലവും ആദ്ധ്യാത്മിക വിഷയങ്ങളിലുള്ള അറിവും പഠനങ്ങളും നമുക്കിടയിൽ കുറഞ്ഞു വരുന്നത് അപകടകരമാണ്. "What is to give light must endure burning" - Viktor Frankl.

**അപ്പം**

''അവൻ പ്രതിവചിച്ചു നിങ്ങൾതന്നെ അവർക്കു ഭക്ഷിക്കാൻ കൊടുക്കുവിൻ" (മർക്കോ. 6:37)

പുതിയ ലോകത്തിന്റെ ദാരിദ്ര്യവും വിശപ്പും നാം തിരിച്ചറിയണം. അനാഥരും ഒരു നേരത്തെ ഭക്ഷണത്തിനായി അലയുന്നവരും ഇന്ന് നന്നേ കുറഞ്ഞിട്ടുണ്ട്. പക്ഷേ മധ്യവർഗ്ഗ ത്തിന്റെ ദാരിദ്ര്യവും നാം പരിഗണിച്ച് തുടങ്ങണം. പണമനുസരിച്ച് വിദ്യാഭ്യാസവും വിദ്യാഭ്യാസമനുസരിച്ച് ജോലിയും ജോലിയനു സരിച്ച് പണവും ലഭിക്കുന്ന ഒരു സിസ്റ്റത്തിൽ സമർത്ഥരായ പലർക്കും നല്ല അവസരങ്ങൾ ലഭിക്കാതെ പോകുന്നു. ഇത് ഒരു അനീതിയായോ ദാരിദ്ര്യമായോ ഇനിയും കാര്യമായി പരിഗണിക്ക പ്പെടുന്നില്ല. ടെക്നോളജി ജോലിഭാരം കുറച്ചുകൊണ്ട് വരുന്നു. പക്ഷേ തൊഴിലവസരങ്ങളും കുറയുന്നു. വിദ്യാഭ്യാസ യോഗ്യത ആളുകൾക്ക് കൂടി വരുന്നു, പക്ഷേ യോഗ്യതക്കനുസരിച്ച് ജോലി കിട്ടാതെ വരുന്നു. ചികിത്സാ സൗകര്യങ്ങൾ കൂടുന്നു. പക്ഷെ എല്ലാവർക്കും ഒരുപോലെ പ്രാപ്യമാകുന്നില്ല. സാമ്പത്തിക രംഗത്തെ മാറ്റങ്ങൾക്കനുസരിച്ച് ചെറുകിടകച്ചവടക്കാർക്കും കർഷകർക്കും പിടിച്ച് നിൽക്കാനാകാതെ വരുന്നു. ഇങ്ങനെ പല വിധത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ നമ്മുടെ ഇടയിലുണ്ട്. ഭക്ഷണവും വസ്ത്രവും പാർപ്പിടവും മാത്രമല്ല വിദ്യാഭ്യാസവും ജോലിയും ആരോഗ്യവുമൊക്കെ അത്യന്താപേക്ഷിതം തന്നെയാണ്. അവർക്കായി അപ്പം വിളമ്പുന്ന ദൈവം മനുഷ്യാവതാരം ചെയ്യണം.

നിങ്ങളുടെ കൈവശം എത്ര അപ്പം ഉണ്ട് (മർക്കോ. 6:38). ദൈവം വർദ്ധിപ്പിക്കുന്നത് നമ്മുടെ കയ്യിലെ അപ്പമാണ്. ആധുനിക ലോകത്തിന്റെ മാറ്റത്തിനനുസരിച്ച് പിടിച്ചുനിൽക്കാൻ നാമും മാറണം. നമ്മുടെ മിനിസ്ട്രിയുടെ സമൂഹത്തിലെ പ്രസക്തി, അത് നിർവ്വഹിക്കാൻ കഴിവും കൃപയും ഉള്ള നല്ല വൈദികർ, സാമ്പത്തിക

സുരക്ഷിതത്വം ഇവയാണ് നമ്മുടെ മൂലധനം. സമൂഹത്തിന്റെ ആവശ്യങ്ങൾ മനസിലാക്കി പ്രതികരിച്ച് നമ്മുടെ സാന്നിധ്യവും മിനിസ്ട്രിയും പ്രശക്തമാക്കി നിലനിർത്തണം. അതിനു പോന്ന വൈദികരെ ഒരുക്കുവാനും നമുക്കാവണം. നമ്മുടെ ദൈവവിളി അന്വേഷണങ്ങൾ റീത്തിന്റെയും ഭാഷയുടെയും അതിരുകൾ കടക്കേണ്ട കാലം കഴിഞ്ഞു. പ്രവാസികളുടെയിടയിലും മിഷനുകളിലും ദൈവവിളി കണ്ടെത്തണം. സഭ വളർന്നുകൊണ്ടിരിക്കുന്നനോർത്ത് ഈസ്റ്റിലും ആഫ്രിക്കയിലും ഒക്കെയാണ് നാളെയുടെ ചെറുപ്പം എന്ന് തിരിച്ചറിയണം. ഓൺലൈൻ യുഗത്തിൽ കെട്ടിടം, സ്ഥലം ഇങ്ങനെ വില കുറഞ്ഞു പോകുന്ന ആസ്തികളുണ്ട്. യൂറോപ്പിലെ മാറ്റങ്ങളും നാം ശ്രദ്ധിക്കണം. പതിനഞ്ചു വർഷം മുൻപോട്ടു ഉറപ്പിച്ചൊന്നും ഊഹിക്കാൻ പറ്റാത്ത വിധത്തിൽ ലോകം മാറുമ്പോൾ പിടിച്ച് നിൽക്കാൻ നാം കരുതലുള്ളവരാകണം.

**കൂട്ടില്ലാത്തവർ**

**"അവൻ പറഞ്ഞു കർത്താവേ വെള്ളമിളകുമ്പോൾ എന്നെ കുളത്തിലിറക്കാൻ ആരുമില്ല" (യോഹ. 5:7)**

രോഗസൗഖ്യത്തിന്റെ കടവിലേക്ക് കൈ പിടിച്ചു നടത്താനാളില്ലാത്തത് കാരണം തളർവാതരോഗിയായി കിടന്ന മനുഷ്യൻ. കൈ പിടിക്കാൻ ആളില്ലാത്തവരുടെ എണ്ണം ഇന്ന് കൂടുന്നുണ്ട്. ഒറ്റക്കായി പോകുന്ന മാതാപിതാക്കൾ ഇന്നൊരു പാടുണ്ട്. സാമ്പത്തികമായി നല്ല ചുറ്റുപാടുകളുള്ളപ്പോഴും പലവിധത്തിൽ സഹായം അവർക്ക് വേണ്ടിവരുന്നു. നല്ല സൗകര്യങ്ങളോടും സ്വാതന്ത്ര്യത്തോടും കൂടി സ്വന്തം വീടുകളിൽ തന്നെ താമസിക്കുമ്പോഴും ഒറ്റപ്പെടലിന്റെ വിഷമങ്ങളില്ലാതെ, ആവശ്യ നേരത്ത് ആൾസഹായം വേണ്ടപ്പോൾ നിരാലംബരാകാതെ, അന്തസോടെ വാർദ്ധക്യം ജീവിക്കാൻ ഇന്നൊരു കൈ സഹായം ആവശ്യമുണ്ട്. വിവാഹം കഴിക്കാതെ ഒറ്റക്കായി പോകുന്ന യുവാക്കളും മധ്യവയസ്കരും ഇന്ന് കൂടിവരുന്നുണ്ട്. നല്ല സൗഹൃദങ്ങളുടെ സാന്ത്വനം അവർക്കും വേണം. ആശുപത്രിയിൽ കൂട്ടുനിൽക്കാൻ പോലും ആരുമില്ലാതെ പോകുന്നവരുടെ എണ്ണം കൂടുന്നുണ്ട്. ഈ ബേത്സഥാ കുളക്കരകൾ സന്ദർശിക്കാൻ ക്രിസ്തുവിനെ ആവശ്യമുണ്ട്.

ഈ കോവിഡ് കാലത്ത് ഒറ്റപ്പെടലിന്റെ വേദന ഒരുപാടുപേർ അനുഭവിച്ചു, ആത്മഹത്യയിൽ ഉണ്ടായ വർധന വാർത്തകളിൽ നാം

കണ്ടതാണ്. അതിൽ വൈദികരുമുണ്ടായിരുന്നു. ജനോവ രൂപതയിൽ തിരുപ്പട്ടം സ്വീകരിച്ച് രണ്ടാം വർഷം പൗരോഹിത്യം ഉപേക്ഷിച്ച യുവവൈദികൻ അതിന്റെ കാരണം വെറും രണ്ടുവാക്കിൽ പറഞ്ഞു. “Solitudine serale”, വൈകുന്നേരത്തെ ഏകാന്തത! മനസിന്റെ ആരോഗ്യത്തിനു വന്നേക്കാവുന്ന പ്രശ്നങ്ങൾക്ക് സ്വയം പരിഹാരം കണ്ടെത്താൻ നാം ഒരുങ്ങുകയും പരസ്പരം ഒരുക്കുകയും വേണം. ഒറ്റയ്ക്കു ജീവിതം ജീവിച്ചുതീർക്കാൻ മാത്രം ആരോഗ്യമുള്ളതല്ല നമ്മുടെയൊന്നും മനസ്സ്.

**പ്രാർത്ഥനയും ഉപവാസവും**

**“അവൻ പറഞ്ഞു: പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടു ഈ വർഗം പുറത്തുപോവുകയില്ല” (മർക്കോ. 9:29)**

അദ്ധ്യാത്മിക പരിഹാരം മാത്രമുള്ള പ്രശ്നങ്ങൾ ഇന്നും മനുഷ്യനെ അലട്ടുന്നുണ്ട്. ദൈവത്തിനും മനുഷ്യനും ഇടയിൽ മുട്ടുകുത്തി ജനത്തിനുവേണ്ടി വിളിച്ചപേക്ഷിക്കുന്ന വൈദികരേയും ഉപദേശം കൊണ്ടും പ്രാർത്ഥനകൊണ്ടും കണ്ണുതുറപ്പിക്കുകയും ആശ്വാസം നൽകുകയും ചെയ്യുന്ന അദ്ധ്യാത്മിക ഗുരുക്കളേയും ഇന്ന് ജനം പ്രതീക്ഷിക്കുന്നുണ്ട്. സ്വന്തം മതങ്ങളോട് അകലം പാലിക്കുന്നവർ പോലും ഈ ദാഹം അനുഭവിക്കുന്നുണ്ട്. സമരിയാക്കാരിയെപ്പോലെ കിണറുകൾ തോറും അവരും അലയുന്നുണ്ട്. സെനക്കയുടെ ഫിലോസഫിയും യോഗയും ബുദ്ധിസവുമൊക്കെ പലരും അനുഗമിക്കുന്നത് ഈ ദാഹം മൂലമാണ്. ഇന്റർനെറ്റിലും അധികം അന്വേഷിക്കപ്പെടുന്നത് മോട്ടിവേഷൻ വീഡിയോകളാണ്. കിണറ്റിൻ കരയിൽ കാത്തിരുന്ന് ജീവന്റെ ജലം നൽകുന്ന ഗുരുവിനെ ഇന്ന് ലോകത്തിന് വേണം. എമ്മാവൂസിലേക്ക് പോയ ശിഷ്യരുടെ കൂടെ നടന്ന് അവരുടെ മനസിനെ ജ്വലിപ്പിച്ച നല്ല ആദ്ധ്യാത്മിക പിതാവിനെ ഇന്നും ആവശ്യമുണ്ട്. പ്രഘോഷകരോ സംഘാടകരോ അല്ല, ചിന്തയും വാക്കും പ്രവർത്തിയും ജീവിതവും തമ്മിൽ അകലം ഇല്ലാത്ത, ആഴമുള്ള ആന്തരികതയും വ്യക്തമായ ദർശനങ്ങളും ഉള്ള, പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്യുന്ന കറയറ്റ സമർപ്പിതരെ ചൂണ്ടികാണിക്കാൻ നമുക്ക് ആളുകൾ കുറയുന്നുണ്ടോ? ക്രിസ്തു ഇനിയും മനുഷ്യാവതാരം ചെയ്യണം. പുൽക്കൂടുകളിലല്ല; നമ്മുടെ ഉൾക്കൂടുകളിൽ

◆

# വെല്ലുവിളി നിറഞ്ഞ ക്രിസ്മസ്

**ബ്ര. ജോയൽ പനച്ചിപ്പുറം സി.എസ്.റ്റി.**

അവതരിച്ച ക്രിസ്തുവും അവതരിക്കാൻ മടിക്കുന്ന മനുഷ്യനും തമ്മിലുള്ള ഒരു കലഹത്തിന്റെ കഥയാണ് ക്രിസ്മസ്. സ്വർഗ്ഗത്തിലെ സുരക്ഷിതത്വങ്ങളെ വലിച്ചെറിഞ്ഞുകൊണ്ട് അരക്ഷിതാവസ്ഥയിലേക്ക് ഇറങ്ങിവരുവാൻ വേണ്ടി അവൻ കാണിച്ച ചങ്കൂറ്റം അവന്റെ കുരിശുമരണത്തേക്കാൾ ഒട്ടും ചെറുതല്ല. വചനം മാംസം ആവുകയും, മാംസം ആയ യേശു, വചനം ആവുകയും ചെയ്ത ഒരു പ്രതിഭാസമാണ് ക്രിസ്മസ്. വചനം മാംസമായി എന്നാൽ അതിനർത്ഥം ദൈവം നമ്മുടെ കൂടെ ഇറങ്ങി വന്നു വസിച്ച ദൈവം നമുക്ക് ഒരു സന്ദേശമാണ് എന്നു തന്നെ യാണ്.

അവതരിക്കുവാൻ ഒരുമ്പെട്ടിറങ്ങിയ ക്രിസ്തുവിന്റെ ശിഷ്യരായ നാം, നമ്മുടെ ആശ്രമങ്ങളുടെ മതിൽകെട്ടുകൾക്കുള്ളിൽ അടങ്ങിയിരുന്നുകൊണ്ട് അവതരിക്കാൻ മടിക്കുന്ന ഇന്നത്തെ കാലത്ത്, ക്രിസ്തുമസ് എനിക്കൊരു വെല്ലുവിളിയാണ്. വഴിയിൽ കാണുന്ന ഒരു യാചകന്റെ മുമ്പിൽ, എന്റെ ആശ്രമത്തിൽ കോളിംഗ് ബെൽ അടിച്ച ശേഷം കാത്തു നിൽക്കുന്ന ഒരു അപരിചിതന്റെ മുമ്പിൽ, എന്തിനേറെ ആശ്രമത്തിൽ എന്റെ കൂടെ ജീവിക്കുന്നവരുടെ മുൻപിൽ, എന്റെ അഹം ബോധവും അഹംഭാവവും വെടിഞ്ഞ് അവതരിക്കാൻ മടിക്കുന്ന ഞാൻ, അവരുടെ ആവശ്യങ്ങളിലേക്ക് ഇറങ്ങി ചെല്ലുവാൻ മടികാണിക്കുന്ന ഞാൻ, ക്രിസ്തുവിന്റെ ജനന ത്തെ നോക്കി കൊഞ്ഞനം കുത്തുന്നു. ക്രിസ്തുമസിനെപറ്റിയും ക്രിസ്തുവിന്റെ ജനനത്തെപറ്റിയും പ്രസംഗിക്കാനും ഇതുപോലെ എഴുതാനും വളരെ എളുപ്പവും, ഒരുവേള ജീവിച്ചു കാണിക്കുവാൻ വളരെ വിഷമവും ആണ്. 25 നോമ്പിന് ശേഷം നാം പരിത്യജിച്ച കാര്യങ്ങളെല്ലാം വീണ്ടും നമ്മുടെ തീന്മേശകളിൽ വിഭവങ്ങളായി നിറയുമ്പോൾ ക്രിസ്തുവിനെ ഇച്ചിരി മാല ബൾബുകളുടെ വെളിച്ചത്തിൽ നമുക്ക് മറക്കാതിരിക്കാം.

കൊതുകുകടി കൊള്ളുന്ന, ഗോമൂത്രം മണക്കുന്ന, ചാണകത്തിന്റെ ഗന്ധം പേറുന്ന, ഒരു കോളനി കുട്ടിയായിരുന്നു എന്റെ ക്രിസ്തു എന്നു പറയുന്നതിൽ ഇനിയെങ്കിലും നമുക്ക് അഭിമാനിക്കാം. അവൻ 'ലോക്കൽ' ആയിരുന്നു. തനി local.

അങ്ങനെ local ആയി മാറുവാൻ ഉള്ള ഒരു വിളിയാണ് നമുക്ക്. അവന്റെ പേരിൽ പ്രബന്ധങ്ങൾ എഴുതാൻ എളുപ്പമല്ലേ? പ്രസംഗിക്കാൻ എളുപ്പമല്ലേ? അവന്റെ പേരിൽ ശബ്ദിക്കുന്ന കോമരങ്ങൾ ആകാതെ, ഒരുവേള അവന്റെ കുപ്പായം എടുത്തിട്ടുകൊണ്ട്, അവനെ പോലെ ജീവിക്കാൻ നാം പരിശ്രമിച്ചില്ലെങ്കിൽ അഞ്ചാറു മീറ്റർ തുണികൊണ്ട് ഞാൻ തനിച്ച് ഉണ്ടാക്കിയ എന്റെ ളോഹക്ക് പിന്നെ എന്ത് അർത്ഥം? എന്റെ വ്രതത്തിന് എന്തു പ്രസക്തി? ചിരി ചലഞ്ചും മദർ ചലഞ്ചും ഫാദർ ചലഞ്ചുമൊക്കെ സോഷ്യൽ മീഡിയയിൽ കൊടികുത്തി വാഴുന്ന ഇക്കാലത്ത് ക്രിസ്മസ് ഒരു ചലഞ്ച് ആകട്ടെ. ഒരു തുണിക്ക് മറുതുണിയില്ലാത്ത ക്രിസ്തുവിന്റെ ജനനത്തെ മാലബൾബുകളും നക്ഷത്രങ്ങളും ഇട്ടു വെളുപ്പിക്കുന്നതിനേക്കാൾ അവന്റെ ജനനത്തിന്റെ സത്ത ഹൃദയത്തിൽ പേറുന്നതാണ് ഉത്തമം എന്ന് ഇനിയെങ്കിലും തിരിച്ചറിയാം. എല്ലാവർക്കും വെല്ലുവിളി നിറഞ്ഞ ക്രിസ്തുമസ് ആശംസിച്ചുകൊള്ളുന്നു.

◆

## Christmas - New Year Thoughts & Quotes

***"Christmas is doing a little something extra for someone"***

**Charles M. Schulz**

***"Write it on your heart that every day is the best day in the year"***

**Ralph Waldo Emerson**

## A CUTE IN THE ACUTE!

**Bro. Juslin James Padinjaremattam CST**

Finally, the Church sculptors are posed with a challenging task before them! Long years after they have to prepare a different mould for the statue of a saint in the Catholic Church. With blessed Carlo Acutis having raised one step closer to the status of Sainthood the sculptors are left with no way to hold on to their typical finish (otherwise they had only one hectic task before them, the finish of the head of the saint. Other parts remained almost same for years, cassocks, habits, cross or the Bible… sorry sometimes spears to...). Taking the author's unboxed imagination right for granted I would say that with our concept of Sainthood having redefined by blessed Carlo the time is not so far to get changed the concepts of our popular devotions also to the extent of substituting the bow and arrow (*ambum villum*) carrying offering with a sun glass wearing one!

God is incredible! When He chooses an exemplary believer of a time to be a herald of His genuine creation, He is not only picking up a person but also the culture and trend the person is inseparably embedded with. Let's take the same analogy of statues here. The statues of Saints also refer to the uniqueness of their life time. The statue of St. George opens up a time of wars and soldiers in which the Saint could turn out to be an odd one out by having fought against the evil; St. Therese with flowers and a crucifix in hand perfectly depicts how could she be a romantic Saint amidst an age of strict religious austerity; St. Francis of Assisi stands out with his solidarity with the creation at a time when conquests over people and countries were at its best. This saga of Catholic Saints as refiners of their time has reached at a crucial point with blessed Carlo Acutis getting raised as the *Patron of Internet*.

As Covid 19 filled the remained gap between the internet and the human being the significance of this first millennial to be blessed is beyond predictions. He has an undisputed role than any other saints to be on the saddle of the Catholic Church in the post-covid period. For, with the one-year lapse of Church activities the new gen has already covered distances beyond the Church and her rusted Catechism can reach upon. Coping up with a Corona virus world when the Church took a different root of *E-ways* also produced some undesired results; people became highly cynical about the unmitigated doctrines and teachings of the Church! However, this is not anyway going to risk her existence but is an invitation to return to a spirituality that is no longer temple-centred but spirit-centred. A spirit-centred spirituality is neither spacial nor doctrinal, nor qualitative at all, but interior, serene and silent! It is as mystical as the growing seed that would sprout and grow while the sower does not know how it does (Mk 4: 27). My God, where this guy is taking me? Well, perhaps you may be thinking what bearing does a spirit-centred spirituality has on blessed Carlo Acutis after all he is so much orthodox than many Saints of the previous era. That's what exactly I wanted to crucify here. When I was asked to write a short write up on Blessed Carlo I directly took recourse to some books to know what the uniqueness of this boy to be beatified. But that was a wrong decision! The book I read was actually about Blessed Carlo, but if substituted the name Carlo with Dominic Savio it becomes a book on St. Dominic Savio; or else with Antony it becomes a book on St. Antony! Too much orthodoxy! The one thing I found from the reading was that Blessed Carlo used to attend Holy Mass everyday without fail unlike his contemporaries. Its ridiculous! I too am attending Holy Mass every day and all the Priests in the world are also attending, but what is the difference between I and Carlo? That's what matters the more. How did Carlo

become an odd one out in his time? Only an answer to this question can attract our new gen to the Church through the medium of Blessed Carlo. For, the language of this generation is not in sync with the usual Church language. By this I don't mean to throw the baby out with the bathwater. Blessed Carlo Acutis - an ordinary boy with all fondings of a typical teenager; he liked playing video games, wearing jeans, rearing pets and spent hours in online! But still what difference he made compared with the rest of his contemporaries was that the kite he himself was flown by God! Highlighting only visiting the Church aspect of a deep saintly life would only provoke the children of today to think that he was a different stuff, not of our category! On the other hand, when they are made convinced that Blessed Carlo was just like they themselves are it makes all difference. ◆

## Christmas - New Year Thoughts & Quotes

***"You are never too old to set another goal or to dream a new dream"***

**CS Lewis**

***"However tangled the lights are this year, I know you'll handle it with aplomb. Merry Christmas!"***

**Maya Angelou**

# നവവൈദികർക്ക് ഒലിവിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും!

*(“ലോകത്തിന്റെ ആശങ്കകളും പൗരോഹിത്യ സങ്കല്പങ്ങളും” എന്ന വിഷയത്തെ ആസ്പദമാക്കി നവവൈദികർ നല്കുന്ന പ്രതികരണങ്ങളും, കാഴ്ചപ്പാടുകളും സ്വപ്നങ്ങളുമാണ് ഇവിടെ പങ്കുവയ്ക്കുന്നത്)*



## ലോകത്തിൻ പ്രകാശമായ് മാറാൻ

**ഫാ. സിജോ കുറുമുട്ടത്ത് സി.എസ്.റ്റി.**

ഒരു പുരോഹിതൻ പരിശുദ്ധാരൂപിയുടെ ജ്വലിക്കുന്ന തീഷ്ണതയാൽ കത്തിയെരിയുന്ന പ്രകാശമായ് തീരേണ്ട വനാണ്. അനേകരുടെ ആത്മാവിലെ വിശപ്പകറ്റാൻ അപ്പമായ് തീരേണ്ട വനാണ്. എല്ലാവർക്കും എല്ലാമായ്തീരാൻ ഉരുകി തീരേണ്ടവനാണ്. അവന്റെ സന്തോഷം അവനിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്നവർ സന്തോഷിക്കുന്നതിലും അവന്റെ ഹൃദയം നുറുങ്ങേണ്ടത് അവരുടെ ഇല്ലായ്മയിലും വല്ലായ്മയിലുമാണ്. അവൻ അവനു വേണ്ടിയല്ല എല്ലാവർക്കും വേണ്ടിയാണ്. എല്ലാവരേയും നന്മയിലേക്ക്, ദൈവത്തിലേയ്ക്ക്, യഥാർത്ഥ വിശ്വാസത്തിലേക്ക് അടുപ്പിക്കാനാണ്, നയിക്കാനാണ് ജീവിക്കുന്നത്.

ലോകത്തിന്റെ ചിന്താഗതികൾ മാറി. മട്ടും ഭാവവും മാറി. സഹോദര സ്നേഹവും ധാർമികതയും നന്മയും എവിടെയോ കളഞ്ഞുപോയി. ദൈവമില്ലായെന്നു പറയുന്ന നിരീശ്വരവാദ പ്രസ്ഥാനങ്ങളുടെ കറുത്ത ചിന്തയിൽ ചിത്രം വരക്കാനാഗ്രഹിക്കുന്നു യുവതലമുറ. വിശ്വാസത്തിലെ തെറ്റിദ്ധാരണകൾ, തെറ്റായ പഠനങ്ങൾ വിശ്വാസ പരിശീലനത്തിലെ അഭ്രംശങ്ങൾ എന്നിവ നമ്മുടെ കുട്ടികളുടെയും യുവാക്കളുടെയും മുതിർന്നവരുടെയും ജീവിതത്തിലെ ധാർമികതയെ നശിപ്പിക്കുന്നു. വിശ്വാസ ജീവിതത്തിന്റെ ആഴത്തിനെയും പരപ്പിനെയും നശിപ്പിക്കുന്നു.

നമ്മുടെ യുവതലമുറ തെറ്റായ അറിവിലേക്കും പക്ഷപാത ചിന്തകളിലേക്കും വീണു ധാർമികബോധവും വിശ്വാസചിന്തയുമില്ലാതെ വളർന്നുവരാൻ പലപ്പോഴും ഇടയായ് തീരുന്നുണ്ട്. യഥാർത്ഥ വിശ്വാസത്തിലേക്കും നീതി ബോധത്തി ലേക്കും ധാർമിക ചിന്തകളിലേക്കും നയിക്കണമെങ്കിൽ നാം ദൈവശാസ്ത്രത്തിലും

തത്വശാസ്ത്രത്തിലും ആനുകാലിക സാഹചര്യങ്ങളിലും സംഭവങ്ങളിലും അറിവും വിജ്ഞാനവുമുള്ളവരായിരിക്കണം എന്നത് ഇന്നത്തെ യുവതലമുറയെ നയിക്കുന്നതിന് ഏറ്റവും ആവശ്യമുള്ള ഒരു കാര്യമാണ്. ചെറിയൊരു ഉദാഹരണം പറഞ്ഞാൽ ഇന്നത്തെ പകർച്ചവ്യാധിയുടെ സാഹചര്യത്തിൽ എല്ലാവരും ടെലിവിഷനിൽ സൗകര്യപൂർവ്വം വിശുദ്ധ കുർബാന കാണുന്നു. അത് വളരെ നല്ലൊരു കാര്യമാണ്. ദേവാലയത്തിൽ വന്ന് വിശുദ്ധ ബലിയിൽ പങ്കുചേരാനുള്ള സാഹചര്യമില്ലാതിരുന്നിട്ടും ഈശോയോടൊപ്പമായിരിക്കുവാൻ തങ്ങളെകൊണ്ട് പറ്റുന്ന രീതിയിൽ അവർ പരിശ്രമിക്കുന്നു. എന്നാൽ ഇതാണ് സൗകര്യപ്രദമെന്നും ഇനി എന്നും ഇങ്ങനെ തന്നെ മതിയെന്നും ദേവാലയത്തിൽ പോയി സമയം കളയേണ്ട കാര്യമില്ലായെന്നും ചിന്തിക്കുന്ന ആളുകളുടെ എണ്ണം കൂടി വരുന്നു. ദേവാലയത്തിൽ വന്ന് വിശുദ്ധ കുമ്പസാരം നടത്തി വിശുദ്ധ ബലിയിൽ പങ്കുചേർന്ന് വിശുദ്ധ കുർബാന സ്വീകരിക്കുന്നതാണ് യഥാർത്ഥ കൂദാശാനുഭവ മെന്നും അതാണ് വിശ്വാസജീവിതത്തിൽ നമുക്ക് വേണ്ടത് എന്നും ഇവ രണ്ടും എങ്ങിനെ വ്യത്യാസ പ്പെട്ടിരിക്കുന്നുവെന്നും യഥാർത്ഥ ബോധ്യത്തോടെ പറഞ്ഞു മനസിലാക്കി കൊടുക്കുവാൻ നമുക്ക് കഴിയണം. ഇതുപോലെ ഒരുപാട് പ്രതിസന്ധികൾ ഇന്ന് വിശ്വാസജീവിതത്തിൽ സഭയിൽ നമ്മൾ അനുഭവിക്കുന്നുണ്ട്. ആയതിനാൽ തന്നെ പുരോഹിതന്റെ അടിസ്ഥാന ഉത്തരവാദിത്വ ങ്ങളായ നയിക്കുക, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക എന്നിവ യഥാർത്ഥ അറിവിലും വിജ്ഞാനത്തിലും പ്രായോഗിക ജ്ഞാനത്തിലും നിറഞ്ഞാണ് നമ്മൾ ചെയ്യേണ്ടത്, പൂർത്തീകരി ക്കേണ്ടത്.

ആയതിനാൽ നമ്മുടെ സഭയ്ക്കും സമൂഹത്തിനും വേണ്ടത് വിശ്വാസത്തിന്റെ ആഴങ്ങളിലേയ്ക്ക് നയിക്കുന്ന ചൂണ്ടുപലകകളെ യാണ്; ജീവിതംകൊണ്ട് സാക്ഷ്യമേകി സ്വയം ഉരുകി തീരുന്നവരെ യാണ്; നന്മയുടെയും ധാർമികതയുടെയും പാതയിൽ അനേകരെ വഴി നടത്തുന്ന പ്രകാശഗോപുരങ്ങളെയാണ്; വേദനിക്കുന്നവർക്ക് ആശ്വാസമേകുന്ന നിർമല മനസുകളെയാണ്.

◆ ◆ ◆



## FOR THE GREATER GLORY OF GOD

**Deacon Ajay Mathew Narippara C.S.T.**

God had chosen people right from the beginning of humanity and continues till now and will be in the future too. These are people who knew God and share the divine taste to the world. May the world be leavened and have the saltness, further more enlightened with these glorious lamps. Thus let our Lord known to the unknown, may the 'reign' and Kingdom of God be on this earth ever more.

As I look into my life, I find myself one among those chosen. Indeed this is a special gift given freely, so that by all means God will be glorified. In this present pandemic situation I realize my duty as to reflect as a divine presence and a heavenly solace. The challenges are in multiple ways battering the ministerial priesthood, but todays challenges shall be mitigated with my priestly vocation.

Now I have to grow aiming at heaven and have to carry on the very mission what the "Master" has shown and asked to do. "Do this in memory of me." Yes dear Lord, may I fathom your will for me "to go and do likewise".

◆ ◆ ◆



## ദൈവത്തിൻ വഴികൾ തേടി

**ഡീക്കൻ അനീഷ് തീയതെട്ട് സി.എസ്.റ്റി.**

"ലോകത്തിൽ നിന്ന് ദൈവത്തിന്റേതാകാൻ വിളിക്കപ്പെട്ട പുരോ ഹിതൻ തന്റെ ഹൃദയം ദൈവത്തിങ്കലേക്കുയർത്തുവാനും കരങ്ങൾ മനുഷ്യരിലേക്കു നീട്ടുവാനും കടപ്പെട്ടിരിക്കുന്നു".

എല്ലാവരുടെയും ദാസനായിത്തീരേണ്ടവരാണ് പുരേഹിതന്മാർ. അതുകൊണ്ടായിരിക്കാം കർത്താവ് ബലഹീനരെ തിരഞ്ഞെടുത്ത് ബലവാന്മാരാക്കുന്നത്. ആയതിനാൽ ഓരോ പുരോഹിതനും അവർക്കു ലഭിച്ചിരിക്കുന്ന ദൈവത്തിന്റെ വലിയ ദാനമായ ദൈവവിളിയെക്കുറിച്ച് അവബോധമുള്ളവരായിരിക്കണം. ദൈവജനം ആഗ്രഹിക്കുന്നത് വിശുദ്ധിയും എളിമയും നിറഞ്ഞ വൈദീകരേയും സന്യസ്തരെയുമാണ്.

വിളിക്കപ്പെട്ടവൻ വിളിയുടെ അർത്ഥം മനസ്സിലാക്കാത്തിടത്തോളം വിളിക്ക് ജീവൻ നല്കാനാണ് അവിടുന്ന് നമ്മെ തിരഞ്ഞെടുക്കുന്നത്. ആയതിനാൽ ഓരോ പുരോഹിതനും തന്റെ ദൈവവിളി മനസ്സിലാക്കി ജീവിക്കേണ്ടത് മനുഷ്യരുടെയിടയിൽ ദൈവത്തിന്റെ പദ്ധതി നിറവേറ്റാനാണ്. ദൈവജനം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നതും അവകാശപ്പെടുന്നതും അതുതന്നെയാണ്.

ക്രിസ്തു തന്റെ അടുക്കലേക്ക് എത്തിയ ആരെയും നിരാശപ്പെടുത്താതുപോലെ, ഓരോ വൈദീകനും തനിക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്നവരെ ക്രിസ്തുമാർഗത്തിൽ നയിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

◆ ◆ ◆



## TO FULFILL THE VISION AND MISSION OF GOD

**Deacon Justin Vettikkeriparambil C.S.T.**

Evangelization is not a mere theoretical teaching about Christ, an apolitical argument about Christianity, but a sharing of the Christ experience. This sharing of the Christ experience brings new light and inspiration, new vision and insights which the human community left to itself cannot discover without the experience of this Christian community. Every Christian has his or her role to play in the Evangelization in any circumstance.

In order to evangelize first and foremost one should know what is Evangelization, one's duty or responsibility in Evangelization, the necessity of Evangelization etc. To evangelize means to announce the unsearchable riches of Christ, his Passion, Death and Resurrection. It is also to proclaim his message of love and reconciliation. The Gospel is the Gospel of Jesus Christ. Jesus knows himself as sent by the Father to proclaim it. In fact, Matthew and Mark occasionally characterize the whole ministry of Jesus as one of proclaiming the Good News. Thus, Jesus is the first recipient and propagator of the Gospel as well as the Gospel itself. The announcement is a solemn, public and powerful proclamation.

In Evangelization one announces the salvific plan of God in Christ. It is this salvific design of God that transforms and renews humanity. If anyone is in Christ, he is a new creation. To evangelize is to reveal to men that God is not a distant power but a Father who makes us his children as the apostle St. John says, "…see what love the Father has given us that we should be called children of God and so we are." Evangelization in the New Testament always stresses this transcendent character of Christian salvation. Hence, whatever is merely human is only secondary. However, seek first his Kingdom and his righteousness and all these things shall be yours as well. The contents of Evangelization are in harmony with its purpose. This is to present God of love, who revealed himself in the person and message of Jesus the Son of God, and to show his salvific work and his closeness to man. In other words it is the same content of Peter's sermon on the day of Pentecost: "Jesus, the Son of God made man, who died and rose again, who lives among us and journeys with us." To evangelize is first of all, to bear witness, in a simple and direct way to God revealed by Jesus Christ, in the Holy Spirit.

"He had compassion for the people because they were like sheep without shepherd" (Mk 6, 34). This attitude of Jesus must echo in every heart. Missionaries must feel empathy for them and should be the shepherds to the people who are abandoned, forgotten and pushed to the corners.

We must make ourselves available to them to realize fully that Jesus is the Savior who can liberate them from all kinds of bondages and clutches of evil and restore peace in their day-to-day life. For this, we need to opt for a life, which is not different from theirs and identify with them in their problems, struggles and sufferings. We are called and challenged for this new way of evangelization. Some of the Christian denominations think only in terms of religious conversion, which disturbs the fanatics of other religions and are taking advantages of the situation to attack Christians. Here we should be prudent enough

in the work of Evangelization not to offend the people other Religions.

At present, the situation is entirely different. Religious fanatics and terrorist groups are always watching us with suspicion to find out some faults. More than that, we have to concentrate our activities on the development of the people along with giving Christ to them.

◆ ◆ ◆



## A LIFE UNCOMMONLY BLEST

**Deacon Ani Kollamparambil CST**

Why would anyone want to be a priest today? Not an easy question to answer. Certainly, for a good priest willing to put himself out for the people he serves, the life is not easy. The demands on his time are many and constant, the pay is minimal and the rewards are few. Yet Catholic people respond with a deep appreciation to priests who give signs that they genuinely care for them and are willing to do what they can to serve them.

We should have a deep sense of doing something that is worthwhile, even if the fruits of one's efforts are not always immediately visible. I've often been struck with how unhappy so many people are with the jobs or careers into which they are now locked; they don't enjoy beginning a new day and can't wait for it to end so that they can escape from the office or work place. Their work is not a meaningful part of their lives.

How much better it is to find a life that is in touch with one's deepest desires than to simply fall into one on the basis of circumstances or obligation. In his Spiritual Exercises St. Ignatius of Loyola advises the person making a life decision to place him or herself on their deathbed, to review from that perspective the choices about to be made, to experience whether those decisions brought happiness and fulfillment, or

were choices now regretted. Sometimes taking such a perspective can bring a new kind of freedom into our decision-making. To find a sense of satisfaction and peace in what one does with one's life is a real grace. The life of a priest demands sacrifices, but it also can be deeply fulfilling.

There are moments for every priest when his own life becomes transparent to the presence of God working in and through him. At such times he becomes aware of the Spirit within his ministry touching others, at someone's deathbed or in extending a reconciling hand to a person who had been alienated from God and from the Church, or in gathering a community for prayer in the liturgy. Sometimes when he is preaching, the Spirit unlocks something deep within the priest, the homily notes are put aside, no longer needed, and he speaks to his people directly from his own heart. These are special moments, little epiphanies, when the priest becomes in an experiential way a sacrament of God's grace. One feels afterwards a deep sense of peace.

Priesthood is not a Career

No doubt some who are attracted to the priesthood see the requirement of clerical celibacy as an obstacle. This is an issue that needs to be honestly addressed. Priests have the same need for affection and love in their lives, for close friends with whom they can share themselves in an intimate way, as other men and women. Indeed, they must be able to love if they are to image in their lives and ministries the compassionate love of Jesus. Properly embraced, a celibate life can free a person to love in this compassionate and inclusive way.

This is not to pretend that a celibate life is always easy. Not all are able to live a celibate life; it is a gift not given to everyone (cf. Matt 19:11-12). There is no question that celibacy can be at times a burden, but the very fragility and need it reveals

within the priest can open him to becoming more dependent on God who alone can fill the emptiness of the human heart.

Priesthood is a vocation, not a career. Priesthood rightly lived out is an expression of Christian discipleship, not the only one, but certainly one very close to that of Peter and Andrew, James and John and the other disciples called to be in Jesus' company and to share in his ministry. Those who seek the priesthood today must do so because they have heard that same call.

*"Open my eyes to the needs of our brothers and sisters; inspire in me words and actions to comfort those who labour and be burdened. Make me serve them truly".*

◆ ◆ ◆



## യാത്ര തുടരുകയാണ്

**ഡീക്കൻ ജോജു അടമ്പക്കല്ലേൽ സി.എസ്.റ്റി.**

വിളിച്ചവന്റെ പിന്നാലെ ചങ്കുറപ്പോടെ യാത്ര തുടരുകയാണ്. മാനുഷികത നശിക്കുന്ന ഇന്നത്തെ അന്തരീക്ഷത്തിൽ ഒരു നല്ല മനുഷ്യനായി ജീവിക്കാൻ.

വിരൽത്തുമ്പിൽ എല്ലാം ഒതുക്കാൻ വെമ്പുന്ന ടെക്കിയുഗത്തോട് ലോകം കൂടുതൽ വിശാലമാണെന്ന് വിളിച്ചുപറയാൻ....

ചരിത്രത്തിൽ മനുഷ്യനായി ജീവിച്ചു കടന്നുപോയ, മനുഷ്യനെ സ്നേഹച്ച.... മണ്ണിനെ അറിഞ്ഞ ... കരയും കടലും വിജനതയുമെല്ലാം ദൈവസാന്നിദ്ധ്യസ്ഥലങ്ങളായി കണ്ട സുവിശേഷത്തിലെ ക്രിസ്തുവിനെ കാണിച്ചുകൊടുക്കാൻ

ബലിയർപ്പിക്കുന്നതോടൊപ്പം ജീവിക്കാനും.....

വാഴ്ത്തപ്പെട്ട അപ്പം മുറിക്കുന്നതിനൊപ്പം സ്വയം മുറിയപ്പെടാനും....

വചനം വാക്കുകൊണ്ടുമാത്രമല്ല ജീവിതം കൊണ്ടും പ്രഘോഷിക്കാനും....

ഇതിനൊക്കെ പൗരോഹിത്യത്തിന്റെ ഊർജം സഹായകരമാകും.

എല്ലാം ദാനമാണെന്നുള്ള തിരിച്ചറിവിൽ നിന്നോടു നേരും നെറിവും കാട്ടാൻ എളിമയുള്ള ഹൃദയം തരണെ തമ്പുരാനെ....

സ്വർണനിറമുള്ള കാപ്പയിൽ മുഖമുരസാനും അതിൽ മുത്തം വയ്ക്കാനും വെമ്പുന്ന കുരുന്നിന്റെ നിഷ്ക്കളങ്കത നല്കണമെ....

യാത്ര തുടരുകയാണ്....

◆ ◆ ◆



## പൗരോഹിത്യ സങ്കല്പങ്ങളും വെല്ലുവിളിയും

**ഡീക്കൻ ലിജോ പൂമരത്തിൽ സി.എസ്.റ്റി.**

കൂലിപ്പണിചെയ്ത് സന്തോഷത്തോടെ ജീവിക്കുന്ന എന്റെ അപ്പന്റേതിൽ നിന്ന് വ്യത്യസ്തതയുണ്ട് എന്റെ പൗരോഹിത്യ ജീവിതത്തിന് എങ്കിൽ അതെന്താണ്? അർച്ചനകളും ബാങ്കുകളും വിളിക്കുന്ന ഇതര മതസ്ഥരിൽ നിന്ന് എന്ത് പ്രത്യേകതയാണ് ഒരു വൈദീകനുള്ളത്? വി.കുർബ്ബാന കണക്കുപിരിവിന്റെ ഒരുക്ക കർമ്മമെന്നും, കുമ്പസാരം ലൈംഗിക രതിസുഖങ്ങളറി യാനുള്ള relaxed time എന്നും വിശ്വാസികളും അവിശ്വാസികളും ഒന്നടങ്കം Public space ൽ share ചെയ്യുമ്പോൾ കൂദാശകളുടെ പട്ടക്കാരന്റെ അനിവാര്യതയുണ്ടോ? സഭ തന്നെ മനുഷ്യരെ ബുദ്ധിമുട്ടിപ്പി ക്കുന്നതും ആവശ്യനേരത്തു മൗനം ഭുജിക്കുന്നതുമായ സൂത്ര ശാലിത്വത്തിന്റെ ആചാരതീവ്രവാദമാണോ?

12 വർഷം സെമിനാരിയിൽ ജീവിച്ച് ഡിസംബറിൽ പൗരോഹിത്യം സ്വീകരിക്കാൻ പോകുമ്പോൾ ഞാനും ഈ ചോദ്യങ്ങൾ പല പ്രാവശ്യം സ്വയം ചിന്തിച്ചവനാണ്. അവിടെയാണ് ഈ വെല്ലുവിളികളിൽ എന്റെ 'സങ്കല്പത്തിൽ' ഞാൻ ആശ്വസിക്കുന്നത്.

ദൈവമായവനെ ഒരു ശ്രേഷ്ഠജനതയ്ക്ക് ജീവിച്ചു കാണിക്കാൻ, എണ്ണമറ്റ ഭവനങ്ങളിലൊരു അംഗമായി എണ്ണപ്പെടു വാൻ ഏവരേയും അവിഭക്ത ഹൃദയത്തോടെ സ്നേഹിക്കാൻ, ജനനം മുതൽ മരണം വരെ മനുഷ്യരെ സമാധാനിപ്പിക്കാൻ, ദൈവപുത്രനായവനെ ഒരിക്കൽകൂടി ഏവർക്കും കൊടുക്കാൻ എനിക്കല്ലേ കഴിയൂ...

മറ്റു മതസ്ഥർ ദൈവം തരുന്ന ഭക്ഷണവും പുഷ്പങ്ങളും ഏറ്റുവാങ്ങുമ്പോൾ നാം ദൈവത്തെ തന്നെ ഏറ്റുവാങ്ങുന്നവരാണ്... ഈ ദൈവത്തെയും ദൈവം തരുന്നവരെയും മനസിലാക്കുന്നവരാകുന്നു പുരോഹിതർ. പൗരോഹിത്യം യേശു സ്ഥാപിച്ചതാണോ എന്ന ആശങ്കയിലല്ല വി.കുർബ്ബാന ഒരു ക്ഷണമാണെന്നതിലാണ് നാം ശ്രദ്ധ കൊടുക്കേണ്ടത്. അവിടെയാണ് പൗരോഹിത്യത്തിന്റെ ശ്രേഷ്ഠത ശുശ്രൂഷ - സേവനത്തിലെന്നതും, പാമരത്വം അതിനോടുള്ള പ്രതിപത്തിക്കുറവിലെന്നും നാമറിയുന്നത് അതേസമയം പാടിതീർന്ന ഗാനത്തിന്റെ അപശ്രുതി പോലെയാകുന്നു ഇന്നത്തെ ദൈവാലയങ്ങളിലെ പണമിടപാടുകളുടെ അമിതാവേശവും ആശങ്കകളും. വിശ്വാസജീവിതത്തെ ആവോളം നന്മയിലും സമാധാനത്തിലും നയിക്കേണ്ട കൂദാശകലിൽ പുരോഹിതൻ വെറുമൊരു സിനിമാകുമ്പസാരക്കാരനാകുമ്പോൾ പൗരോഹിത്യമഹത്വം അവൻ ദുരുപയോഗം ചെയ്യുന്നു. ദൈവത്തെ വെല്ലുവിളിക്കുന്നു. ദൈവജനത്തെ ദ്രോഹിക്കുന്നു.

ദൈവജനത്തിന്റെ നിലവിളിക്കുള്ള ഉത്തരമാണ് ഓരോ വൈദീകനും യാഥാർത്ഥ്യങ്ങളിൽ മനസ്സുമടുക്കാതെ ദൈവകരുണയിൽ കരം പിടിച്ച് മുന്നേറുവാനേ എനിക്കു കഴിയൂ. എന്റെ ബലഹീനതകളെ ഏറ്റു പറഞ്ഞ് സമൂഹജീവിതത്തിൽ സാഹോദര്യത്തോടെ ജീവിക്കുമ്പോൾ ദൈവം എന്നെയും കരുത്തുള്ളവനാക്കും. വിവേകത്തോടെ അജഗണങ്ങളെ ശുശ്രൂഷിക്കാനും, നന്ദിയോടെ ജീവിക്കാനും താഴ്മയോടെ ദൈവകരുണ യാചിച്ച് വെല്ലുവിളികളെ നേരിടേണ്ടിവരും. തനിയെ വേഗത്തിൽ ഞാൻ നടന്നേക്കാം. എന്നാൽ ഏറെ നടക്കാനുള്ള എനിക്ക് എന്റെ സമൂഹമാണ് ഏറെ ദൂരം നടക്കാൻ ബലമാകുന്നത്.

◆ ◆ ◆



## അനശ്വരതയിലേക്കുള്ള പ്രയാണം

**ഡീക്കൻ അരുൺ തുറവക്കൽ സി.എസ്.റ്റി.**

പൗരോഹിത്യം.... പിച്ചവെച്ച് നടന്ന കുടുംബത്തിൽ നിന്നും ദേവാലയത്തിലൂടെ, സമൂഹത്തിന്റെയും സെമിനാരിയുടെയും പാഠശാലയിലൂടെ സഞ്ചരിച്ച് ബലിപീഠത്തിൽ പൂർത്തി യാക്കുന്ന ഒരു യാഗയാത്ര. മദ്ബഹായുടെ പരിശുദ്ധമായ സ്വർഗീയ പശ്ചാത്തലത്തിൽ നിൽക്കുന്ന അൾത്താര ബാലന്റെ നിഷ്കളങ്കമായ തീരുമാനത്തിൽ നിന്നും അവസാനതുള്ളി ചോരയും

സ്നേഹിതനുവേണ്ടി ചൊരിഞ്ഞ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരാനുള്ള യാഗമൃഗത്തിന്റെ മൗനത്തിലേയ്ക്ക് വളരുന്നതാണ് പരോഹിത്യം. ദൈവം മനുഷ്യനായത് മനുഷ്യരെ ദൈവീകരാക്കുന്നതിനുവേണ്ടിയാണ്. ഈ ദൈവിക കർമ്മം ഭൂമിയിൽ തുടരുവാനായി എന്നെ തിരഞ്ഞെടുത്ത നല്ല തമ്പുരാന് നന്ദി. എന്നെ ശക്തനാക്കുന്ന വനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും എന്ന വചനത്തെ നെഞ്ചിലേറ്റി സഹനങ്ങളും വെല്ലുവിളികളും നിറഞ്ഞ ഈ കാലഘട്ടത്തിൽ പ്രത്യാശയുടെ തിരിനാളമേന്തി അനേകർക്ക് പ്രകാശമേകാൻ ദൈവം എന്നെ വിളിച്ചിരിക്കുന്നു. ദൈവമേ അങ്ങേക്ക് വേണ്ടി ആത്മാക്കളെ നേടുവാനും പീഢിതരുടേയും രോഗികളുടേയും അടിച്ചമർത്തപ്പെട്ടവരുടേയും മോചനത്തിനായും പ്രവർത്തിക്കുവാനുള്ള എന്റെ ആഗ്രഹത്തെ അങ്ങേക്ക് സമർപ്പിക്കുന്നു. വൈദികൻ തനിക്കായി ഉള്ളവനല്ല മറിച്ച് ക്രിസ്തുവിനും അവിടുത്തെ സുവിശേഷത്തിനും വേണ്ടി ഉള്ളവനാണ്. അവിടുത്തെ സത്യത്തിന്റേയും സ്നേഹത്തിന്റേയും തീക്ഷ്ണതയുള്ള വൈദികനായി എന്നെ അനുഗ്രഹിക്കണമേ.

◆ ◆ ◆



## TO BE BROKEN AND TO BE SHARED

**Deacon Brijeesh Urumbil C.S.T.**

"Before I formed you in the womb I knew you and before you were born I consecrated you. I appointed you as a prophet to the nations." (Jeremiah: 1:5). The concept of priesthood is always afresh in the Catholic Church. I believe that God needs people and he calls and owns them as his own. As a quote orates "with great power, great responsibility comes". Our responsibility is nothing but spread the Good News of the Kingdom of God. But mission in the Church is changing rapidly due to various features like technology, culture, politics, economy, migration, the recent pandemic virus, etc. The emergence of variety of needs has added to the mission of the Church. There is a need for something different in the approaches of mission that we need to adapt to be more and more effective in the

present times. Sacraments and Liturgy play a vital role in making the mission of the Church very active and alive in any culture and context.

The purpose of Evangelization is not only to expand the Kingdom of the Church but also to promote the Kingdom of God, to bring about the influence of His Kingdom in the various activities of the society, in human relations and the various forms of liberation movements. We need to update and renew ourselves to meet the needs of people of God. For that, we have to draw blessings, strength and inspiration from Jesus himself. Because, the origin of mission is Jesus himself. Mission is not merely spreading the Good News of God or baptizing many. But, we have to add or find nuances of meaning to the **mission.**

We, the Church, the people of God, cannot opt-out of the situation. So the Church has to wake up and rise to meet the challenges of today as an opportunity to represent the Kingdom of God. We are required to put our shoulder to the wheel and our hand to the plough. We are to work hand in hand with all the people of goodwill, including adherents of other faiths, to break down to all gender and racial barriers to bring about a holistic understanding of the presence of the Church in the world.

Mere words cannot do the mission but we have to be authentic to our lives by following the footstep of our lord. To be different is less realistic but it is possible when our attitude changes. Our call is to suffer with Christ not to enjoy the richness and joy of this life. Our mission is Lord’s mission. Be a possible amidst the disposable.

◆ ◆ ◆



## ദൈവകാരുണ്യം അതൊന്നുമാത്രം

**ഡീക്കൻ ഡേവിസ് വയലിൽ സി.എസ്.റ്റി.**

ജീവിതത്തിൽ നല്ല ദൈവം ചൊരിഞ്ഞ കാരുണ്യത്തിന് കൃതജ്ഞതാബലികൾ അർപ്പിക്കുക എന്നതാണ് എന്റെ ജീവിത ലക്ഷ്യം. സംതൃപ്തമായ ആത്മാവുണ്ടെങ്കിലേ സംതൃപ്തമായ ജീവിതം സാധ്യമാവുകയുള്ളൂ എന്ന് നിരന്തരം ബോധ്യപ്പെടുത്തുന്ന ദൈവത്തിന്റെ മുൻപിൽ ഞാൻ എന്നെ പൂർണ്ണമായും നല്കുന്നു. നന്മചെയ്തുകൊണ്ട് ജീവിതത്തിൽ കടന്നുപോയ കരുണാമയനായ ഈശോയാണ് എന്റെ പ്രചോദനം. ആത്മാക്കളുടെ രക്ഷ എന്ന ദൈവഹിതത്തെ നിറവേറ്റാൻ അവിടുത്തെ കരങ്ങളിൽ ഒരു ഉപകരണമായി മാറുന്നതിന്റെ സന്തോഷം ഞാൻ ഇന്നനുഭവിക്കുന്നു. സുവിശേഷം ജീവിച്ചുകൊണ്ട് ലോകത്തിൽ നിത്യജീവന്റെ പ്രകാശം നല്കാൻ ഈ ജീവിതം ഞാൻ ഇന്നനുഭവിക്കുന്നു. എന്റെ ദൈവമാണ് എന്റെ ഓഹരിയും സമ്പത്തും എന്നു ഏറ്റുപറഞ്ഞുകൊണ്ട് എന്നെ കാണുന്ന എന്റെ ദൈവത്തിന്റെ സംരക്ഷണത്തിൽ നിരന്തരം വ്യാപരിക്കുവാൻ.... അവിടുത്തെ സ്നേഹം പങ്കുവയ്ക്കാൻ, എന്നിലെ പൗരോഹിത്യ ധർമ്മങ്ങൾ വിശ്വസ്തതയോടെ നിറവേറ്റുവാൻ ഞാൻ ആഗ്രഹിക്കുന്നു. തന്റെ അടുക്കലേക്ക് വരുന്നവരെയും തന്നെ കണ്ടുമുട്ടുന്നവരെയും കൈവിടാതെ സ്നേഹം എന്റെ ഇനിയുള്ള ശക്തിയാകട്ടെ.

◆ ◆ ◆



## കൂടെയാകാനും കൂടെ വസിക്കാനും

**ഡീക്കൻ ബിജോ വേങ്ങൂരാൻ സി.എസ്.റ്റി.**

ഈശോയെ സ്നേഹംകൊണ്ട്, സാമീപ്യംകൊണ്ട്, സഹായംകൊണ്ട്, സാധ്വാനംകൊണ്ട് അനുഭവവേദ്യമാക്കുക.

ദൈവം അബ്രാഹത്തെ വിളിച്ചപ്പോൾ മൂന്ന് വാഗ്ദാനങ്ങളാണ് നൽകിയത്. നിന്നെ ഒരു ജനതയാക്കും, നിനക്ക് സ്വത്ത് സമ്പാദ്യങ്ങൾ നൽകും, ഞാൻ നിന്റെ കൂടെ ഉണ്ടായിരിക്കും. യാക്കോബിന്റെ ജീവിതത്തിലൂടെ ദൈവം ഇസ്രായേലിനെ വലിയ ഒരു ജനതയാക്കി മാറ്റി നിർത്തി. ജോഷ്വായുടെ കാലഘട്ടത്തിൽ

ഇസ്രായേലിന് സ്വത്ത് സമ്പാദ്യങ്ങൾ നൽകി. രാജാക്കന്മാരായ സോളമന്റെയും ദാവീദിന്റെയും കാലഘട്ടത്തിൽ അതിനെ സുസ്ഥിരമാക്കി. എന്നാൽ കാലങ്ങൾ കടന്നുപോയിട്ടും ദൈവം മനുഷ്യന് നൽകിയ വാഗ്ദാനത്തെ നിറവേറ്റുന്നില്ല എന്ന് ഇസ്രായേൽജനം പിറുപിറുത്തു. ആദിയിൽ മനുഷ്യനെ സൃഷ്ടിച്ച് അവന്റെ കൂടെ നടന്ന ദൈവം മനുഷ്യൻ പാപം ചെയ്തപ്പോൾ അവനിൽനിന്നും അകന്നു നിന്നു എന്ന് അവനു തോന്നി എങ്കിലും ദൈവം അവനെ കൈവിട്ടില്ല. മരുഭൂമി അനുഭവത്തിലൂടെ കടന്നുപോയപ്പോൾ രാത്രിയിൽ ദീപസ്തംഭമായും പകൽ മേഘ സ്തംഭമായും അവന്റെ കൂടെ നടന്നു. പൂർവ്വപിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും രാജാക്കന്മാരിലൂടെയും അവൻ തന്റെ ജനത്തോടു ചേർന്നു നടന്നു. ഇസ്രായേൽജനം ഇത് മനസ്സി ലാക്കിയില്ല. ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. മനുഷ്യനെ അറിയുന്നവൻ അവന് ആവശ്യമായത് പ്രദാനം ചെയ്യുന്നു. തന്റെ സത്തയുടെ സത്തയെ ഭൂമിയിലേക്ക് അയക്കുന്നു. ഇതുവരെ കൂടെ ആയിരുന്നവൻ കൂട്ടായി മാറുന്നു. പഴയനിയമത്തിന്റെ പൂർത്തീ കരണമായി ക്രിസ്തു വരുന്നത് കൂടെ ആയിരിക്കുവാനും കൂട്ടായി ഇരിക്കുവാനുമാണ്. കൂടെ നടന്നിരുന്ന പഴ നിയമത്തിലെ ദൈവത്തെ മനുഷ്യന് മനസ്സിലാക്കി തരുവാൻ ആണ് ഈ അവതാരം. കൂടെ ആയിരിക്കുവാൻ ആയി അവൻ സ്വയം ബലി വസ്തുവായി തന്നെതന്നെ നൽകി. മത്തായി 20:28 ൽ നാം വായിക്കുന്നു. 'ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും' എന്ന വാഗ്ദാനം നമ്മുടെ കൂടെ വസിക്കുവാൻ അല്ല നമ്മിൽ വസിക്കാനും നമ്മെ സമീപിക്കുന്നവർക്ക് അനുഭവവേദ്യമാക്കുവാനും പൗരോഹിത്യജീവിതത്തിൽ ഈ സാന്നിധ്യത്തെ അനുഭവ വേദ്യമാക്കുവാനും കൊച്ചുത്രേസ്യയുടെ സ്നേഹത്തിന്റെ ലളിതജീവിതം നയിക്കുവാനും ആണ്. ഈ വേളയിൽ വിശ്വസ്തൻ ആകുവാനും വിശുദ്ധമായി ജീവിക്കുവാനും പ്രാർത്ഥനകൾ യാചിക്കുന്നു.

◆ ◆ ◆



# ബലിയാകാനും ബലിയേകാനും

**ഡീക്കൻ ജിതിൻ വെള്ളപ്പാട്ട് സി.എസ്.റ്റി.**

ദൈവവിളി ഒരു തീർത്ഥാടനമാണ്. മദ്ബഹയുടെ പരിശുദ്ധമായ സ്വർഗ്ഗീയ പശ്ചാത്തലത്തിൽ നിൽക്കുന്ന അൾത്താരബാലന്റെ നിഷ്കളങ്കമായ തീരുമാനത്തിൽ നിന്നും അവസാനതുള്ളി ചൊരിഞ്ഞ ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുചേരുവാനുള്ള യാഗമൃഗത്തിന്റെ മൗനത്തിലേക്ക് വളരുന്ന അമൂല്യദാനം പൗരോഹിത്യം. മനുഷ്യരെയും വഹിച്ചുകൊണ്ട് സ്വർഗ്ഗത്തിലേക്ക് ഓടുന്ന പൗരോഹിത്യമാകുന്ന തേർ തെളിയിക്കുന്ന ധീര യോദ്ധാവാകാൻ എന്നെ തിരഞ്ഞെടുത്ത് യോഗ്യനാക്കിയ സ്നേഹനാഥനായ ഈശോയെ, നന്ദി നിറഞ്ഞ ഹൃദയത്തോടെയാണ് ഞാൻ അങ്ങയുടെ മുമ്പിൽ ആയിരിക്കുന്നത്. ദൈവം നല്കിയ ഈ മഹാദാനത്തിന് എത്ര നന്ദി പറഞ്ഞാലും മതിയാവില്ല. മനുഷ്യസേവനത്തിന്റെ നൈമിഷിക പ്രേരണകൾക്ക് മുകളിൽ ബലിപീഠത്തിലർപ്പിക്കപ്പെട്ട ബലി ജീവിതവും ദൈവമഹത്വവും നിറഞ്ഞവൻ പുരോഹിതൻ. തകർച്ചയിൽ അവൻ തഴച്ചുവളർന്ന്, തഴുകിത്തലോടുന്ന സൗകര്യങ്ങളെ ഉപേക്ഷിച്ച് പൗരോഹിത്യത്തിന്റെ മഹനിയതയിലേക്ക് ചേർക്കപ്പെടുമ്പോൾ സ്വജീവിതത്തെ തകർത്തെറിഞ്ഞ് ഈശോയെ നിനക്കുവേണ്ടി ബലിയായി തീരുവാനുള്ള കൃപനൽകി അനുഗ്രഹിക്കണമേ.

എന്റെ പൗരോഹിത്യ വചന സേവന ശുശ്രൂഷമേഖലകളിൽ അങ്ങയുടെ കൃപയും ശക്തിയും പ്രകടമാക്കവാനുള്ള അനുഗ്രഹം നൽകണമേ.

ഈശോയെ, വി. പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ 3:12-൩൦ വാകൃത്തിൽ കാണുന്നതുപോലെ പൗരോഹിത്യമെന്ന ഈ മഹാദാനം ഇത് എനിക്ക് കിട്ടികഴിഞ്ഞെന്നോ ഞാൻ പൂർണ്ണനായെന്നോ അർത്ഥമില്ല. ഇത് സ്വന്തമാക്കുവാൻ വേണ്ടി ഞാൻ തീവ്രമായി പരിശ്രമിക്കുകയാണ്. യേശുക്രിസ്തു 'എന്നെ സ്വന്തമാക്കിയിരിക്കുന്നു' എന്ന അവബോധത്തോടെയും 'എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്കെല്ലാം ചെയ്യാൻ സാധിക്കും' എന്ന വിശ്വാസത്തോടെയും "ഞാൻ എപ്പോഴും നിന്നോടു കൂടെയുണ്ട്" എന്ന ഉറപ്പിൽ അടിയുറച്ച് ജീവിക്കുവാനും തീക്ഷ്ണതയുള്ള വൈദികനായിത്തീരുവാനുമുള്ള കൃപ നൽകി എന്നെ അനുഗ്രഹിക്കണമേ.



# നിനക്കായ്

**ഡീക്കൻ ജേക്കബ് തുണ്ടിയിൽ സി.എസ്.റ്റി.**

അനേകം ദൈവമക്കളുടെ നിലവിളിയുടെ ഉത്തരമാണ് ഓരോ പുരോഹിതനും. ആ നിലവിളിയുടെ ഉത്തരമാകാൻ ദൈവം നൽകിയ വലിയ അനുഗ്രഹത്തിന് ഒരുപാടു നന്ദി. എളിയവനായ എനിക്ക് ഇത്ര മഹത്തായ ഒരനുഗ്രഹം നൽകുവാൻ എന്നിലെന്ത് യോഗ്യതയാണ് നാഥാ നീ കണ്ടത്. എന്റെ യോഗ്യതയല്ല നിന്റെ കൃപയും കരുണയുമാണ് മഹനീയം. അങ്ങയുടെ വലിയ ദാനമായ ജീവനിലും ഉപരി പൗരോഹിത്യം എന്ന മഹനീയവും മഹത്വവുമായ ദാനവും അങ്ങ് എന്നെ ഭരമേല്പിക്കുന്നു. ഈ മഹനീയ ദൗത്യം എന്നിൽ ഏകുവാൻ എന്തു കണ്ടു നീ ശ്രേഷ്ഠമായ്. ദൈവമേ, വലിയ ഒരു ജനതയുടെ ഇടയിലേക്കാണ് അങ്ങ് എന്നെ അയയ്ക്കുക. അനേകം വെല്ലുവിളികളും ബുദ്ധിമുട്ടുകളും നിറഞ്ഞ ജീവിതത്തിൽ എവിടെ, എന്ത്, എങ്ങനെ ചെയ്യണം എന്ന് എനിക്കറിഞ്ഞുകൂടാ. എങ്കിലും അങ്ങയുടെ പരിശുദ്ധാത്മാവ് എന്നിൽ നിറയുന്ന ആ മഹനീയ നിമിഷങ്ങളിൽ എത്ര വലിയ വെല്ലുവിളികളും മറികടക്കുവാൻ എനിക്ക് സാധിക്കും എന്ന് ഞാൻ മനസിലാക്കുന്നു. ഞാനെന്റെ കരങ്ങളുയർത്തി രോഗികളുടെ മേൽ കൈകൾ വയ്ക്കുമ്പോൾ, വിശുദ്ധ ബലിപീഠത്തിൽ നിന്നുകൊണ്ട് സുവിശേഷം പങ്കുവയ്ക്കുമ്പോൾ, അങ്ങയുടെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കുമ്പോൾ അങ്ങയുടെ ശക്തിയും മഹത്വവും പ്രകടമാക്കുവാനുള്ള വലിയ അനുഗ്രഹം നൽകണമേ.

ഈശോയെ, വി. കൊച്ചുത്രേസ്യായുടെ വലിയ ആഗ്രഹം പോലെ പഞ്ചഭൂഖണ്ഡങ്ങളിലും പോയി അങ്ങയുടെ സുവിശേഷം പ്രഘോഷിക്കുവാനുള്ള വലിയൊരു അനുഗ്രഹം നൽകണമേ. ബലിയാകാനും ബലിയായ്ത്തീരാനും എന്നെ അനുഗ്രഹിക്കണമെ.

◆ ◆ ◆

# Days to Remember

## 2020 December to 2021March

| | | |
|---|---|---|
| January 04 | - | D.A. of Fr. Savio Peechatt |
| January 11 | - | D. A. of Fr. Thomas Plathottam |
| January 13 | - | D. A. of Fr. Kurian Parayakavil |
| January 17 | - | D. A. of Fr. Paul Karumathy |
| January 26 | - | Rebuplic Day |
| January 27 | - | D. A. of Fr. Antony Karot |
| January 29 | - | D. A. of Fr. Martin Nalpat |
| February 4 | - | D. A. of Fr. George Madamana |
| February 15 | - | Birthday of Fr. Basilius Panatt, (Founder of L. F. Congregation) |
| March 9 | - | D. A. of Bro. Joby Ottaplackal |
| March 19 | - | Feast of St. Joseph |
| ” | - | Congregation Day |
| March 21 | - | D. A. of Fr.Theophane Kilianthara |

Olive ലേക്ക് ഉള്ള
വാർത്തകളും ചിന്തകളും ലേഖനങ്ങളും പ്രതികരണങ്ങളും
olivecstfathers@gmail.com എന്ന E-mail-ൽ
അയക്കേണ്ടതാണ്.

Olive ന്റെ കോപ്പി വ്യക്തിപരമായി സൂക്ഷിക്കാൻ
ആഗ്രഹിക്കുന്നവർ അറിയിച്ചാൽ കോപ്പി സംലഭ്യമാക്കുന്നതാണ്.











CELEBRATING 25 Years of Priestly Ordination



## Fr. Tomy Alumkalkarot CST
**07 December 1996**



## Fr. Antony Anmura CST
**13 June 1996**

**പൗരോഹിത്യത്തിന്റെ രജത ജൂബിലി നിറവിലായിരിക്കുന്ന ബഹുമാനപ്പെട്ട വൈദികർക്ക് അഭിനന്ദനങ്ങളും ആശംസകളും .....**

50 Years
Golden Jubilee

of Priestly Ordination

**17 December 1971**



## Fr. George Kulampally CST



## Fr. Sebastian Puthenchirayil CST

പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി
നിറവിലായിരിക്കുന്ന ബഹുമാനപ്പെട്ട വൈദികർക്ക്
അഭിനന്ദനങ്ങളും ആശംസകളും .....